കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

**ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ**
**email: dotsr. ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ (ബിപി1)1935/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ- 680 020
Email: dotsr.ksad@kerala.gov.in

ഫോൺ: 0487 2331249
തീയതി: 29.01.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1, 3-3, 3-4 എന്നീ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ (ബിപി1)1935/2018 തീയതി: 29.01.2019

**തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.11.2017 മുതൽ 31.03.2018 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-2018 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ.സി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04-12-2018 മുതൽ<br>11-12-2018 വരെ |
| ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ | ശ്രീമതി.ലത.എം.എൻ,<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി.സുധ.ഇ.എൻ<br>അസി. ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീമതി.ഷാജിത.കെ.എം, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജയൻ.വി.എസ്, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| പ്രസിഡന്റ് | പേര് | കാലയളവ് |
|---|---|---|
| | ശ്രീ.ബസന്ത് ലാൽ | 01.04.2017 മുതൽ 31.03.2018 വരെ |

| സെക്രട്ടറി | പേര് | കാലയളവ് |
|---|---|---|
| | ശ്രീ. പി.എച്ച്.ഷൈൻ | 01.04.2017 മുതൽ 31.03.2018 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇൻ ചാർജ്ജ്) | സജീവ്.എം.കെ | 01.04.2017 മുതൽ 16.09.2017FN വരെ |
| | ജോയ് മുരിങ്ങാത്തേരി | 16.09.2017AN മുതൽ 08.11.2017FN വരെ |
| | ചാന്ദ്നി.വി.ജി | 08.11.2017AN മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സന്ദൂപ്.എം.ജി | 01.04.2017 മുതൽ 26.10.2017FN വരെ |
| | അഞ്ജു കൃഷ്ണൻ | 26.10.2017AN മുതൽ 31.03.2108 വരെ |
| പട്ടികജാതി വികസന ഓഫീസർ | ലിസ.ജെ.മങ്ങാട്. | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | കൈരളി.എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വ്യവസായവികസന ഓഫീസർ | അജിത.കെ.എൻ. | 01.04.2017 മുതൽ 31.03.2018 വരെ. |
| സീനിയർ വെറ്ററിനറി സർജൻ | ജോ കുര്യാക്കോസ് | 01.04.2017 മുതൽ 31.03.2018 വരെ. |
| ശിശു വികസന ഓഫീസർ | മാർഗരറ്റ് മാത്യു | 01.04.2017 മുതൽ 28.06.2017 FN വരെ |
| | കോമളവല്ലി.കെ.സി | 28.06.2017AN മുതൽ 06.07.2017 വരെ |
| | മാർഗരറ്റ് മാത്യു | 07.07.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീജ.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി, എരുമപ്പെട്ടി | ഡോ.ടോണി.എ.കെ. | 01.04.2017 മുതൽ 18.01.2018 വരെ |
| | രശ്മി.ടി.എൻ | 19.01.2018 മുതൽ 31.03.2018വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| | ഭാഗം 2 | |
| 11 | സാംഖ്യ, മാന്വൽ രശീതികളുടെ ഉപയോഗത്തിലെ അപാകതകൾ | 2-1 |
| 12 | ലേലം- ഭരണസമിതി തീരുമാനത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 2-2 |
| | ഭാഗം 3 | |
| 13 | സ്കൂളുകളിൽ പ്രദർശന മാതൃക കൃഷിതോട്ടം- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഏറ്റെടുത്തു. ഫലപ്രാപ്തി ശരിയായ രീതിയിൽ വിലയിരുത്തിയിട്ടില്ല. | 3-1 |
| 14 | വനിതകൾക്ക് തുണിസഞ്ചി നിർമ്മാണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-2 |
| 15 | സീനിയർ വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ ക്ഷിരനഗരം പദ്ധതി - മാർഗ്ഗരേഖ പാലിച്ചില്ല. | 3-3 |
| 16 | മാലിന്യ സംസ്കരണകേന്ദ്രം-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പദ്ധതിക്ക് വികസനഫണ്ട് വകയിരുത്തി-പ്രൊജക്ടിന്റെ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് തുക കൈമാറി | 3-4 |
| 17 | തെക്കുംകര ലക്ഷം വീട് കുടിവെള്ള പദ്ധതി- കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 3-5 |
| 18 | തനതുഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്താതെ പ്രൊജക്ടുകൾക്ക് തുക വകയിരുത്തി- പ്രൊജക്ടുകളിലെ തനതുഫണ്ട് വിഹിതം ചെലവഴിക്കാൻ സാധിച്ചില്ല. | 3-6 |
| 19 | നിർമ്മൽ ഗ്രാമപുരസ്കാര തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-7 |
| 20 | ഐ.എ.വൈ -ചെക്ക് ഇഷ്യൂ രജിസ്റ്റർ,വൗച്ച് രജിസ്റ്റർ രേഖപ്പെടുത്തലുകളിൽ സൂക്ഷ്മത പുലർത്തുന്നില്ല. | 3-8 |
| 21 | ഐ.എ.വൈ പദ്ധതി-ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നു. | 3-9 |
| 22 | ഐ.എ.വൈ ഭവനപദ്ധതി-ഗുണഭോക്താവ് തിരിച്ചടച്ച തുക വിവിധ വിഹിതങ്ങളുടെ അക്കൗണ്ടിലേക്ക് വകയിരുത്തേണ്ടതാണ് | 3-10 |
| 23 | ഐ.എ.വൈ വായ്പാ തിരിച്ചടവ്-പലിശ തുക സർക്കാരിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 3-11 |
| 24 | പട്ടികവർഗ്ഗ വീട് പുനരുദ്ധാരണം-രേഖകൾ ലഭ്യമാക്കിയില്ല | 3-12 |
| 25 | സീനിയർ വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതി - മൊബൈൽ വെറ്റിനറി ക്ലിനിക്ക് - അപാകതകൾ | 3-13 |
| 26 | കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ | 3-14 |

| | | |
|---|---|---|
| | അടിസ്ഥാനവികസനത്തിനുതകുന്ന പ്രൊജക്ടുകൾ ഏറ്റെടുത്തില്ല | |
| 27 | വർക്കിംഗ് ഗ്രൂപ്പുകൾ -പ്രവർത്തനം തൃപ്തികരമല്ല | 3-15 |
| 28 | കൊരട്ടിയാൻകുന്ന് കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം --അപാകതകൾ | 3-16 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല. സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് തുടർപ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ്. | 3-17 |
| 30 | കരിയന്നൂർപാടശേഖരം ലിഫ്റ്റ് ഇറിഗേഷൻ --ബില്ലിൽ നിന്നും ഗുണഭോക്തൃവിഹിതം കുറവുചെയ്തിട്ടില്ല. | 3-18 |
| ഭാഗം-4 | | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | അനുബന്ധം-1-ഓഡിറ്റ് സാക്ഷ്യപത്രം | |
| 41 | അനുബന്ധം-2-ഓഡിറ്റ് സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം പ്രതീക്ഷിത വരവ് 58,76,11,000/-രൂപയും, (മുന്നിരുപ്പ് ഉൾപ്പെടെ) പ്രതീക്ഷിത ചെലവ് 58,66,70,000/-രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 02.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 14.09.2018, 15.09.2018 | ടി.എസ്.ആർ ഇ3/1150/18 തീയതി 01.10.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,85,74,231 |
| വരവ് | 8,20,55,694 |
| ആകെ | 11,06,29,925 |
| ചെലവ് | 8,17,34,250 |
| നീക്കിയിരിപ്പ് | 2,88,95,675 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ACR പ്രകരം വരവ് | ആകെ | ചെലവ് | ചെലവഴിയ്ക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,52,23,740 | 3,52,23,740 | 3,18,71,632 | 33,52,108 | 90.48 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,81,94,000 | 1,81,94,000 | 1,48,38,709 | 33,55,291 | 81.56 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 88,000 | 88,000 | 88,000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 44,45,000 | 44,45,000 | 11,55,888 | 32,89,112 | 26.00 |
| എം.ജി.എൻ.ആർ.ഇ.ജി.എം | 240169 | 7,70,484 | 10,10,653 | 5,88,595 | 4,22,058 | |
| തനത് ഫണ്ട് | 51,50,719 | 42,24,432 | 93,75,151 | 33,07,565 | 8,26,160 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 68 | 10,56,41,612 | 57 | 4,79,54,229 | ഇല്ല | 11 | 83.82 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | തുക | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 14 | 12 | 3,15,50,200 | 1,96,09,784 | 62.15 |
| പട്ടികജാതി വികസന ഓഫീസർ | 1 | 0 | 3,00,000 | 0 | 0 |
| അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 2 | 2 | 58,80,600 | 49,27,600 | 83.79 |
| സീനിയർ വെറ്റിനറി സർജൻ | 3 | 3 | 2,25,89,800 | 30,32,500 | 13.42 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 10,00,000 | 10,00,000 | 100.00 |
| ഇൻഡസ്ട്രീസ്എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 39,50,000 | 1,25,000 | 3.16 |
| അസി.എക്സി.എഞ്ചിനീയർ | 28 | 26 | 2,74,23,612 | 1,09,77,695 | 40.03 |
| അസി.എഞ്ചിനീയർ | 17 | 11 | 1,14,90,000 | 68,24,250 | 59.39 |
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 1 | 1 | 14,57,400 | 14,57,400 | 100 |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-12-2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03-07-18 മുതൽ 12-07-18 വരെ | 2017-18 | 26-09-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-11-16 മുതൽ 21-11-16 വരെ | 01-12-15മുതൽ 31-10-16 വരെ | 22-12-2016 |

# 1-9 ആഭ്യന്തരനിയന്ത്രണം : 28.03.17 ലെ ബജറ്റ് അവതരണത്തിൽ പ്രതീക്ഷിത വരവ് 58,76,11,000/- രൂപയും പ്രതീക്ഷിത ചെലവ് 58,66,70,000/- രൂപയും ആയിരുന്നു. എന്നാൽ യഥാർത്ഥത്തിലുള്ള വരവു ചെലവ് 8 കോടി മാത്രമാണ്.ബജറ്റ് തയ്യാറാക്കിയത് ഒട്ടും യാഥാർത്ഥ്യബോധ്യത്തോടെയല്ല എന്നു വ്യക്തമാക്കുന്നു.

**1. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല.**

പ്രൊജക്ട് നിർവ്വഹണം ആരംഭിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതും പ്രവൃത്തിയുടെ ഓരോ ഘട്ടവും വിലയിരുത്തി ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും റിപ്പോർട്ട് നൽകേണ്ടതുമാണ്. സ്റ്റാന്റിങ്ങ്കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തുടർച്ചയായി വിലയിരുത്തി ആവശ്യമായ ഇടപെടൽ നടത്തി നിർവ്വഹണ കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തിയാകുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

2. ബ്ലോക്ക് പഞ്ചായത്തിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഉപകരണങ്ങൾ വാങ്ങി സ്റ്റോക്കിലെടുക്കുന്നുണ്ടെങ്കിലും കൃത്യമായി നമ്പറിട്ട് സൂക്ഷിക്കുന്നില്ല.

3.വരവിനങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല.

4.അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

5.പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഓരോ മേഖലകളിലെ അവസ്ഥാവിശകലനം നടത്തി തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

# 1-10 വാർഷിക കണക്കിലെ അപാകതകൾ

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിങ്ങ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സംബന്ധിച്ച പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ മൂല്യത്തിൽ നിന്നും വാർഷിക കണക്കിൽ ചേർത്തിരിക്കുന്ന മൂല്യം കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.
3. കാഷ് ഫ്ലോ പത്രികയിലെ net cash generated എന്നത് 67,98,768/- രൂപയും net increase in cash and cash equivalents എന്നത് 3,21,444/- രൂപയും ആണ്. ഇവ തമ്മിലുള്ള വ്യത്യാസത്തിന് വിശദീകരണം നൽകിയിട്ടില്ല.
4. വിവിധ പ്രൊജക്ടുകൾക്കായി 2017-18 സാമ്പത്തിക വർഷം KWA, KSEB എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന തുകകൾ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ advance to implementing agencies എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല.

| പ്രൊജക്ട് നമ്പർ | സ്ഥാപനം | തുക |
|---|---|---|
| 22/18 | GWD | 10,00,000/- |
| 23/18 | GWD | 5,00,000/- |
| 24/18 | GWD | 5,00,000/- |
| 28/18 | KWA | 5,00,000/- |
| 30/18 | GWD | 9,00,000/- |
| 33/18 | GWD | 5,00,000/- |
| 35/18 | GWD | 10,00,000/- |
| | | --------------- |
| ആകെ | | 49,00,000/- |
| | | ========= |

5. ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയില്ല.

6. തൻവർഷം വായ്പാ ഇനത്തിൽ 50,94,402/- രൂപ അടവാക്കിയിട്ടുണ്ട്. (RP-32). എന്നാൽ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിൽ വായ്പാ ഇനത്തിൽ കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല. തുകയുടെ കൃത്യത ഉറപ്പാക്കുന്നതിന് ലോൺ രജിസ്റ്റർ ഹാജരാക്കിയില്ല.

7. 2017-18 വാർഷിക കണക്കിന്റെ I-18 (prior period items) ഷെഡ്യൂളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ഇനങ്ങളിൽ ജേണൽ വൗച്ചർ പ്രകാരം എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ച തുകകൾക്കും തിരുത്തൽ എൻട്രികൾക്കും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അംഗീകരിച്ച വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലമേകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ശീർഷകം | ഇനം | തുക |
|---|---|---|
| 280200401 | Prior period income-Other income | (20951763) |
| 280800501 | Prior period – programme expenses | 204802 |

8. 2017-18 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ ആയി നൽകിയ തുകകൾ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-11 (എ)യിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന് വിശദീകരണവും ലഭ്യമാക്കിയില്ല.

പാർട്ട് ബിൽ തുക - 37,16,320/-

ബി-11 (എ)യിലെ തുക - 28,01,820/-

9. 2017-18 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം other deposits 96,876/- രൂപയും auction deposit 71,000/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിന് ഋണശീർഷ വരവുകളുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

10. അക്കൗണ്ട് സർട്ടിഫിക്കേഷനിൽ ചൂണ്ടിക്കാണിച്ച മേൽ അപാകതകൾക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. 2018-19 ലെ വാർഷിക കണക്കിനോടൊപ്പം പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ, മാനവൽ രശീതികളുടെ ഉപയോഗത്തിലെ അപാകതകൾ

1) സാംഖ്യ രശീതി സ്റ്റേഷനറി നം. 4067503, 4067504, 4067505, 4067506 എന്നിവ പ്രിന്റ് ചെയ്യുന്നതിന് പകരം എഴുതി നൽകുകയാണ് ചെയ്തിരിക്കുന്നത്.

2) നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള മാന്വൽ രശീതി ബുക്ക് മുഖാന്തിരം ഈടാക്കിയ തുകകൾ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കുമ്പോൾ ഡേബുക്കിൽ വരവ് കാണിക്കുന്നില്ല. 19.04.17 ൽ ഗ്രീൻ ആർമി അടവാക്കിയ 25,000/- രൂപ, 26.04.17 ൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ടെണ്ടർ ഫോം വിലയായി അടവാക്കിയ 2,600/- രൂപ എന്നിവ അക്കൗണ്ടിൽ അടവ് വന്നിട്ടുണ്ടെങ്കിലും ഡേ ബുക്കിൽ വരവ് വന്നിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/07.12.18 നുള്ള മറുപടിയിൽ പ്രിന്റർ തകരാറ് മൂലമാണ് സാംഖ്യ രശീതിയിലെ അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. രശീതികളുടെ ഉപയോഗത്തിൽ അതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 2-2 ലേലം- ഭരണസമിതി തീരുമാനത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.06.17 ലെ 5-ാം നമ്പർ തീരുമാന പ്രകാരം എരുമപ്പെട്ടി സി.എച്ച്.സി യിൽ എം.എൽ.എ ഫണ്ട്, നബാർഡ് ഫണ്ട്, ബ്ലോക്ക് ഫണ്ട് എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന വിവിധ കെട്ടിടങ്ങൾക്ക് സ്ഥലം കണ്ടെത്തുന്നതിന് ജീർണ്ണാവസ്ഥയിലുള്ളതും, കാലപ്പഴക്കം മൂലം ഉപയോഗിക്കാൻ കഴിയാത്തതുമായ ലെപ്രസി കൺട്രോൾ യൂണിറ്റ് കെട്ടിടം, ഫീമെയിൽ ഐ.പി.വാർഡ്, പഴയ ഓഫീസ് കെട്ടിടം എന്നീ കെട്ടിടങ്ങൾ അസി.എക്സി.എഞ്ചിനീയറുടെ വാല്വേഷന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്ത് പൊളിച്ച് മാറ്റുന്നതിന് ഹോസ്പിറ്റൽ സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം വാല്വേഷൻ നടത്തി ലേലനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/07.12.18 ന് മറുപടി നൽകിയില്ല. വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്കൂളുകളിൽ പ്രദർശന മാതൃക കൃഷിതോട്ടം- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഏറ്റെടുത്തു. ഫലപ്രാപ്തി ശരിയായ രീതിയിൽ വിലയിരുത്തിയിട്ടില്ല.

നിർവ്വഹണം-കൃഷി അസിസ്റ്റന്റ് ഡയറക്ടർ

പ്രോജക്ട് നം. - 15/2018

ട്രഷറി ബിൽ നം. - 5/17-18 തീയ്യതി.23/03/2018 തുക-5,72,000/-

ജി.ഒ(എം.എസ്)നം.80/17ത.സ്വ.ഭ.വ തീയ്യതി 3/04/2017 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഖണ്ഡിക 8.1 കൃഷി യുമായി ബന്ധപ്പെട്ട് മാതൃകാ കാർഷിക പ്രദർശനത്തോട്ടം, ഔഷധസസ്യത്തോട്ടം, നേഴ്സറികൾ, വിത്തുൽപാദന കേന്ദ്രങ്ങൾ, തരിശുരഹിത ഗ്രാമം എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഭൂവുടമകളുമായി ചർച്ച ചെയ്ത് നാമമാത്രമായ പാട്ടം നിശ്ചയിച്ച് വ്യവസ്ഥകൾ തയ്യാറാക്കേണ്ടതും, തൽപരരായ കർഷകർ,

കർഷകഗ്രൂപ്പുകൾ, പുരുഷസ്വയംസഹായസംഘങ്ങൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, ജെ.എൽ.ജി ഗ്രൂപ്പുകൾ, നാളികേര ഉൽപാദക സംഘങ്ങൾ, നാളികേര ഉൽപാദക ഫെഡറേഷനുകൾ, നാളികേര ഉൽപാദക കമ്പനികൾ എന്നിവരും ഭൂവുടമകളും തമ്മിൽ കൃഷി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്.

സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യത്യസ്തമായി 28.9.17 ലെ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ തീരുമാനപ്രകാരമാണ് സ്കൂളുകളിൽ പ്രദർശന മാതൃക കൃഷിതോട്ടം എന്ന പദ്ധതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കൂടാതെ 9.2.18 ലെ കമ്മിറ്റിയിൽ പ്രദർശന മാതൃകകൃഷിത്തോട്ടത്തിന് കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനം ലഭ്യമാകുന്നതിനു മുമ്പേ 2017-18 ൽ പ്രൊജക്ട് ഏറ്റെടുത്ത് നടപ്പാക്കി.

പ്രൊജക്റ്റിൽ രേഖപ്പെടുത്തിയതു പ്രകാരം ബ്ലോക്ക് പ്രദേശത്തെ 5 പഞ്ചായത്തുകളിൽ നിന്ന് തെരഞ്ഞെടുത്ത ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ ക്ലസ്റ്റർ രൂപീകരിച്ച് പച്ചക്കറി മാതൃകാ പ്രദർശന തോട്ടങ്ങൾ നിർമ്മിക്കുവാൻ ഒരു യൂണിറ്റിന് പരമാവധി 61,000/-രൂപ എന്ന തോതിൽ ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. 5 വർഷ കാലയളവിൽ പ്രസ്തുത മാതൃക കൃഷിത്തോട്ടം പരിപാലിക്കുന്നതാണെന്ന് സ്കൂൾ ഹെഡ്മിസ്ട്രസ്, പി.ടി.എ പ്രസിഡന്റ് എന്നിവർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുമായി ഏർപ്പെട്ട കരാർ ഉടമ്പടിയിൽ വ്യക്തമാക്കുന്നു.

പ്രൊജക്റ്റിൽ ഒരു യൂണിറ്റിൽ താഴെ പറയുന്ന 6 ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1.ജൈവകൃഷി 100 മൺചട്ടികളിൽ 70/-രൂപ നിരക്കിൽ 100% സബ്സിഡി - 7,000/-

2.കമ്പോസ്റ്റ് 1 ചട്ടിക്ക് 80/-രൂപ നിരക്കിൽ 100% സബ്സിഡി - 8,000/-

3.ഡ്രിപ് ഇറിഗേഷൻ -50 ചട്ടിക്ക് 100% സബ്സിഡി - 5,000/-

4.വിക് ഇറിഗേഷൻ (തിരി നന) 50 ചട്ടിക്ക് 100% സബ്സിഡി - 5,000/-

5.മഴ മറ (20എം2) 100%സബ്സിഡി - 20,000/-

6.തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റ് 1 യൂണിറ്റ് 100% സബ്സിഡി - 16,000/-

ആകെ - 61,000/-

2017-2018 സാമ്പത്തിക വർഷം ആദ്യ 4 ഘടകങ്ങൾ സ്ഥാപിക്കൽ നടത്തിയിട്ടുണ്ട്.

ഒരു യൂണിറ്റിന്റെ ചെലവ് താഴെ കൊടുക്കുന്നു.

1 വിക് ഇറിഗേഷൻ യൂണിറ്റ് -11,750/-

2ഡ്രിപ് ഇറിഗേഷൻ യൂണിറ്റ് - 14,250/-

ആകെ ചെലവ് -22സ്കൂളുകൾ ക്ക് 26,000/ -വീതം -5,72,000/-

2017-18 ഓഡിറ്റിന്റെ ഭാഗമായി 11.12.2018 തീയ്യതിയിൽ താഴെ പറയുന്ന 4 സ്കൂളുകളിലെ മാതൃകാ കൃഷിത്തോട്ടം അസി.എക്സി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തുകയുണ്ടായി.

| സ്കൂൾ | പരിശോധനയിൽ കണ്ടത് |
|---|---|
| BMPVLPS കാഞ്ഞിരക്കോട് | തിരിനന സംവിധാനം ശരിയായ രീതിയിൽ പ്രയോജനപ്പെടുന്നില്ല. തുള്ളിനനയ്ക്കായി ഏർപ്പെടുത്തിയ സംവിധാനം ഒഴിവാക്കി. ആയതിനു പകരമായി പരമ്പരാഗതരീതിയിൽ നനച്ചു വളർത്തുന്നു. |
| ജി.എൽപി.എസ്.എരുമപ്പെട്ടി. | തിരിനന, തുള്ളിനന എന്നിവയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് ഏർപ്പെടുത്തി നൽകിയ സംവിധാനം പ്രയോജനപ്പെടുത്തുന്നില്ല. ചെടിചട്ടികളിൽ തൈകൾ ഒന്നും തന്നെ പരിപാലിക്കുന്നില്ല. |
| ജി.എച്ച്.എസ്സ്.എസ്സ്.<br>എരുമപ്പെട്ടി. | തിരിനന, തുള്ളിനന എന്നിവയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് ഏർപ്പെടുത്തി നൽകിയ സംവിധാനം ശരിയായ രീതിയിൽ |

| | |
|---|---|
| | പ്രയോജനപ്പെടുത്തുന്നില്ല. ചെടിചട്ടികളിൽ തൈകൾ മിക്കതും ഉണങ്ങിയ നിലയിലും, ചിലതിൽ തൈകൾ ഇല്ലാത്ത നിലയിലുമാണ്. |
| സെന്റ് ജോസഫ്സ് യു.പി.എസ്സ്.കുണ്ടന്നൂർ | തിരിനന, തുള്ളിനന എന്നിവയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് ഏർപ്പെടുത്തി നൽകിയ സംവിധാനം സ്ഥലപരിമിതി മൂലം ഒഴിവാക്കി. ചെടിചട്ടികളിൽ തൈകൾ പരമ്പരാഗതരീതിയിൽ നനച്ച് വളർത്തുന്നു. |

മാതൃകാ കൃഷിത്തോട്ടം സ്ഥാപിച്ച സ്കൂളുകളിൽ സ്ഥലപരിശോധന നടത്തിയ 4 എണ്ണത്തിലും പദ്ധതി ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. 2018-2019 ൽ തന്നെ ബ്ലോക്ക് പഞ്ചായത്ത് നൽകിയ സംവിധാനങ്ങൾ പാഴാക്കി കൃഷിത്തോട്ടം പരിപാലിക്കുന്നതിനുള്ള തുടർ നടപടികൾ സ്കൂൾ അധികൃതർ സ്വീകരിച്ചതായും കാണുന്നില്ല.

സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യത്യസ്തമായി ഏറ്റെടുത്ത പ്രൊജക്ടിന് കോ-ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനം ലഭ്യമാകുന്നതിനു മുമ്പേ വികസനഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി മറ്റ് ഘടകങ്ങൾക്ക് 100% സബ്സിഡി കൊടുക്കുവാൻ കോ- ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ലഭ്യമാവാത്തതിനാൽ (ഓഡിറ്റ് അന്വേഷണം 8/7.12.2018 നുള്ള മറുപടി പ്രകാരം) മറ്റ് ഘടകങ്ങൾ നടപ്പിലായില്ല എന്ന നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി പര്യാപ്തമല്ല.

2017-2018ൽ ഈ പ്രോജക്ടിന്റെ ഭാഗമായി മാതൃക കൃഷിത്തോട്ടം സ്ഥാപിച്ച മറ്റു സ്കൂളുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും, പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സ്കൂളുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. തൃപ്തികരമായ ക്രമീകരണം ഉണ്ടാകുന്നതു വരെ ചെലവുതുക 5,72,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-2 വനിതകൾക്ക് തുണിസഞ്ചി നിർമ്മാണ യൂണിറ്റ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം-വ്യവസായ വികസന ഓഫീസർ

പ്രോജക്ട് നം.77/2018.

വകയിരുത്തിയ തുക- വികസനഫണ്ട്-5,00,000/- മറ്റുള്ളവ-34,50,000/-

ആകെ - 39,50,000/-

ചെലവ് തുക - ട്രഷറി ബിൽ നം.01/2017-2018 തീയ്യതി.17/02/2018

തുക – 1,25,000/-

പ്രൊജക്ടിന്റെ ലക്ഷ്യം- 5പേർ വീതമുള്ള 5വനിതാ ഗ്രൂപ്പുകൾക്ക് തുണിസഞ്ചിനിർമ്മാണത്തിൽ പരിശീലനം നൽകി യൂണിറ്റ് ആരംഭിക്കാൻ സഹായം നൽകുന്നു.ബാങ്ക് വായ്പക്ക് ആനുപാതികമായി റിവോൾവിംഗ് ഫണ്ട് നൽകുന്നു.

2017-18 ൽ Centre for Management,Tvpm മായി 13.11.17 ൽ കരാർ ഉണ്ടാക്കി ഒരാൾക്ക് 5,000/- രൂപ നിരക്കിൽ 25പേർക്ക് പരിശീലനം നൽകുകയുണ്ടായി.(25*5000=125000/-).

ജി.ഒ(എം.എസ്)നം.80/17ത.സ്വ.ഭ.വ തീയ്യതി 3/04/2017 പ്രകാരം ഖണ്ഡിക നം.6 ൽ സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും നൽകുന്നതിനായി ഖണ്ഡിക നം.6.1 ലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രൊജക്ടുകൾ രൂപീകരിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിരുന്നു.ആയതു പ്രകാരമാണ് തുണിസഞ്ചിനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ സംരംഭത്തിന് ബാങ്ക് വായ്പക്ക് ആനുപാതികമായി റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പ്രൊജക്ട് ഏറ്റെടുത്തത്.
അപാകതകൾ-

1. മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ നിന്ന് 2 ഗ്രൂപ്പുകളെയും, വരവൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് 3 ഗ്രൂപ്പുകളെയും തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളെ ഗ്രാമസഭകളിൽ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ അംഗീകരിച്ച ലിസ്റ്റ് ഹാജരാക്കിയില്ല. (ഖണ്ഡിക നം.6.1.6)

2. 2017-18 സാമ്പത്തികവർഷം പരിശീലനം മാത്രമാണ് പ്രൊജക്ടിന്റെ ഭാഗമായി നടത്തിയത്. സംരംഭങ്ങൾ ആരംഭിച്ച് റിവോൾവിംഗ് ഫണ്ട് കൈമാറിയത് 2018-19 ൽ ആണ്.

3. ജി.ഒ(എം.എസ്)നം.80/17ത.സ്വ.ഭ.വ തീയ്യതി 3/04/2017 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ പരിശീലന പരിപാടികൾ ഏറ്റെടുക്കുമ്പോൾ 10% ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വനിതകൾക്ക് തുണിസഞ്ചി

നിർമ്മാണം എന്ന പദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്താതെ വികസനഫണ്ട് മാത്രം വകയിരുത്തിയാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

പ്രൊജക്റ്റിൽ ഉൾപ്പെടുത്താതിരുന്നിട്ടും പരിശീലനാർത്ഥികളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയതായി നിർവ്വഹണോദ്യോഗസ്ഥയുടെ (വ്യവസായ വികസന ഓഫീസർ)22/01/2018ലെ IEO/WKY/1/2018 നം.കത്ത് പ്രകാരം 25 ഗുണഭോക്താക്കളിൽ നിന്നും പരിശീലന ചെലവിന്റെ 10% തുകയായ 500/-രൂപ വീതം 12,500/-രൂപ ഗുണഭോക്തൃവിഹിതം ഈടാക്കിയത് രശീതി നം.117070100008/23.01.2018 ന് ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചതായി രേഖപ്പെടുത്തി കാണുന്നു. ഗുണഭോക്തൃവിഹിതം കിഴിച്ച് ബാക്കിയുള്ള തുക മാത്രമാണ് വികസനഫണ്ടിൽ നിന്ന് പിൻവലിക്കേണ്ടത് എന്നിരിക്കെ മുഴുവൻ തുകയും വികസന ഫണ്ടിൽനിന്നും പിൻവലിച്ചത് ക്രമപ്രകാരമല്ല. പരിശീലനത്തിനായി വികസനഫണ്ടിൽ നിന്നും അധികമായി പിൻവലിച്ച തുകയ്ക്ക് ആനുപാതികമായി ഈടാക്കിയ ഗുണഭോക്തൃവിഹിതം വികസനഫണ്ട് അക്കൗണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്.

20/03/2018ന് ഗ്രൂപ്പുകൾക്ക് ബാങ്കുകളിൽ നിന്ന് വായ്പ അനുവദിച്ചു എന്ന് അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് റിവോൾവിംഗ് ഫണ്ട് നൽകാൻ തീരുമാനിച്ചെങ്കിലും കമ്പ്യൂട്ടറിൽ error കാണിച്ചുകൊണ്ടിരുന്നതിനാൽ വിവരം IKM നെ അറിയിക്കാനും ബാക്കി തുക സ്പിൽ ഓവർ ആക്കാമെന്നും ബി.ഡി.ഒ അറിയിച്ചതിനെ തുടർന്ന് റിവോൾവിംഗ് ഫണ്ട് നൽകിയില്ല. ഫലത്തിൽ 2017-2018ൽ പരിശീലനം നൽകൽ മാത്രമാണ് ചെയ്തത്. പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ അവ സമയബന്ധിതമായി നടപ്പിലാക്കാനും, വർഷാവർഷം വകയിരുത്തുന്ന ഫണ്ട് ആ വർഷം തന്നെ ചെലവഴിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

2017-18 ഓഡിറ്റിന്റെ ഭാഗമായി 11.12.2018 തീയ്യതിയിൽ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ അൽ അമീൻ, ശലഭം എന്നീ യൂണിറ്റുകളിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് വാഴക്കോട് വിപണനകേന്ദ്രം കെട്ടിടത്തിനു സമീപമുള്ള ഒരു വീട്ടിലാണ് നിലവിൽ രണ്ടു സംഘങ്ങളും പ്രവർത്തിക്കുന്നത്. ബാഗുകൾ നിർമ്മിക്കുന്നുണ്ടെങ്കിലും ശരിയായ രീതിയിലുള്ള മാർക്കററിംഗിന്റെ അഭാവം യൂണിറ്റിന്റെ പ്രവർത്തനത്തിന് തടസ്സമുണ്ടാക്കുന്നതായി സംഘാംഗങ്ങൾ അറിയിക്കുകയുണ്ടായി. സംഘങ്ങൾ നിർമ്മിക്കുന്ന തുണിസഞ്ചികൾ മറ്റു നിർമ്മാതാക്കളുടെ ഉൽപന്നങ്ങളോട് കിടപിടിക്കത്തക്ക വിധം ഗുണനിലവാരമുള്ളതാക്കുവാൻ ആവശ്യമായ സാങ്കേതിക പരിജ്ഞാനം കൂടി സംഘങ്ങൾക്ക് നൽകേണ്ടതാണ്.

2017-18 വർഷം പരിശീലനം നൽകി യൂണിറ്റുകൾ ആരംഭിച്ച 5 സംഘങ്ങൾക്കും മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിപണനസൗകര്യം കൂടി ഒരുക്കി കൊടുക്കുന്നത് പ്രൊജക്റ്റിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് സഹായകരമാകും എന്ന വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-3 സീനിയർ വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ ക്ഷീരനഗരം പദ്ധതി - മാർഗ്ഗരേഖ പാലിച്ചില്ല.

പ്രോജക്റ്റ് നമ്പർ: 82/2017-18 ക്ഷീര നഗരം

ട്രഷറി ബിൽ നമ്പർ: B3/2017-18 തീയ്യതി:17-03-2018 തുക – ₹12,75,000/-

B5/2017-18 തീയ്യതി: 23-03-2018 തുക –₹ 9,75,000/-

മേൽ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തു പരിധിയിലെ 30 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിലെ അഞ്ചുപേർ അടങ്ങുന്ന ഒരു യൂണിറ്റിന് 5 എന്ന കണക്കിൽ ആകെ 150 പശുക്കളെ വാങ്ങിയതിന് വായ്പാധിഷ്ഠിതമായി നടപ്പിലാക്കിയ പദ്ധതിയിൽ, ഒരു യൂണിറ്റിന് ₹75,000/-വീതം, (ഒരു പശുവിന് ₹15,000കണക്കിൽ)അതാത് യൂണിറ്റിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് എന്ന വിധത്തിൽ മൊത്തത്തിൽ ₹22,50,000/- പ്രോജക്റ്റ് പ്രകാരം വിതരണം ചെയ്തിരിയ്ക്കുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകളുടെ വിശദാംശം താഴെ ചേർക്കുന്നു. (ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം നം.1.1/01.11.2017)

I) ജി.ഒ.(എം.എസ്)നം.80/2017 ത.സ്വ.ഭ.വ തീയതി 03.04.2017 പ്രകാരം കറവയുള്ള പശു/എരുമ എന്നിവ വാങ്ങുന്നതിനായി വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കുന്നതിനായി ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങൾക്കാണ് പ്രൊജക്റ്റ് ഏറ്റെടുക്കാവുന്നത്. എന്നാൽ ഈ നിർദ്ദേശത്തിനു വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്ത് JLG ഗ്രൂപ്പുകൾക്ക് പശുക്കളെ വാങ്ങുന്നതിനായാണ് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

II)

| ക്രമ നം | JLG ഗ്രൂപ്പിന്റെ പേര് | വായ്പ കൈപ്പറ്റിയ അംഗങ്ങളുടെ പേര് | വായ്പ അനുവദിച്ച ധനകാര്യ സ്ഥാപനത്തിന്റെ പേര് | ഉരുവിനെ വിറ്റയാളുടെ പേര് |
|---|---|---|---|---|
| 1 | ആര്യ JLG , ദേശമംഗലം ഗ്രാമപഞ്ചായത്ത് | അംബിക, ഉണിക്കുന്ന്പറമ്പിൽ, തലശ്ശേരി, ദേശമംഗലം (റേഷൻ കാർഡ് ഹാജരാക്കിയിട്ടില്ല) | കനറ ബാങ്ക്, വടക്കാഞ്ചേരി | സജിത, ഉണിക്കുന്ന്പറമ്പിൽ, തലശ്ശേരി, ദേശമംഗലം (ഗ്രൂപ്പ് അംഗങ്ങളായ 3 |
| | | സരസ്വതി, ഉണിക്കുന്ന്പറമ്പിൽ, തലശ്ശേരി, ദേശമംഗലം | | |

| | | | | |
|---|---|---|---|---|
| | | പാർവ്വതി,ഉണിക്കുന്ന്പറമ്പിൽ, തലശ്ശേരി, ദേശമംഗലം<br>സുധ, കരിപ്പാലിപ്പടി, തലശ്ശേരി. (ഹാജരാക്കിയ റേഷൻ കാർഡിൽ പേരുൾപ്പെട്ടിട്ടില്ല)<br>സുനിത, ചങ്ങരത്ത്പറമ്പിൽ, തലശ്ശേരി, ദേശമംഗലം | | പേരുടെ വീട്ട് പേരും ഇത് തന്നെയാണ്) |
| 2 | നന്ദനം JLG മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | സിന്ധു സുന്ദരൻ, മണിയാരംതൊടി, ആറ്റൂർ.<br>രേഖ, മന്ദലാംകുന്നത്ത്, ആറ്റൂർ.<br>വിനോദിനി, മേലേംപത്തുപറമ്പിൽ, ആറ്റൂർ<br>നബീസ, കോലോത്തുകുളം, ആറ്റൂർ<br>ശോഭന, വാരിയത്തുപടി, ആറ്റൂർ | അക്കൗണ്ട് വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല (റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല) | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| 3 | മയൂരം JLG മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | ആമിന, കറപ്പൻവീട്ടിൽ, കണ്ണംമ്പാറ<br>സുശീല, കുന്നത്ത്, കണ്ണംമ്പാറ, മുള്ളൂർക്കര<br>പാഞ്ചാലി, കുറുമ്പൂർ, കണ്ണംമ്പാറ, മുള്ളൂർക്കര<br>ഷാഹിന, കുന്നത്ത്പീടികയിൽ, കണ്ണംമ്പാറ, മുള്ളൂർക്കര<br>ഷെമിന, കുന്നത്ത്പീടികയിൽ, കണ്ണംമ്പാറ | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | അനിത.എം, പാലത്തമുട്ടിക്കൽ, ഇരുനിലംകോട്, മുള്ളൂർക്കര.(തുക കൈമാറിയ വിവരങ്ങൾ ഇല്ല) |
| 4 | കൈരളി, JLG മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | ആമിന, w/o അബൂബക്കർ, ആനപ്പറമ്പിൽ, കണ്ണംമ്പാറ<br>ചന്ദ്രിക, പടിഞ്ഞാറേ വട്ടേക്കാട്, കണ്ണംമ്പാറ, ഇരുനിലംകോട്<br>ഇന്ദിര, കുഴപ്പിളി, കണ്ണംമ്പാറ, ഇരുനിലംകോട്<br>വിജയകുമാരി, വട്ടകിണറ്റിൽ, കണ്ണംമ്പാറ, ഇരുനിലംകോട്<br>രമണി വിശ്വനാഥൻ, മനവഴിവളപ്പിൽ, കണ്ണംമ്പാറ, ഇരുനിലംകോട് | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | അബൂബക്കർ, ആനപറമ്പിൽ, കണ്ണംമ്പാറ (ഗ്രൂപ്പിലെ ഒരംഗമായ ആമിനയുടെ ഭർത്താവിന്റെ പേരും വിലാസവും ഇത് തന്നെയാണ്) അക്കൗണ്ട്/ചെക്ക് വിവരങ്ങൾ ഇല്ല. |
| 5 | രാഗശ്രീ, JLG മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | മറിയ, അത്താണിപറമ്പിൽ, മുള്ളൂർക്കര<br>ഹവ്വ ഉമ്മ ബീവി, ചാത്തൻകോട്ടിൽ, കണ്ണമ്പാറ<br>പാർവ്വതി, പൂപ്പറമ്പിൽ, കണ്ണമ്പാറ<br>ബീവാത്തു, കുന്നത്തുപീടികയിൽ, കണ്ണമ്പാറ<br>റസിയ.കെ.എച്ച്, കൊട്ടകപ്പറമ്പിൽ, മുള്ളൂർക്കര | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| 6 | ബിസ്മി, JLG മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | റംല, w/o ഹംസ ചാത്തംകോട്ടിൽ, കണ്ണമ്പാറ<br>ബീവാത്തു, കൊട്ടിങ്ങൽ, കണ്ണമ്പാറ<br>നൂർജഹാൻ, ചാത്തംകോട്ടിൽ, കണ്ണമ്പാറ<br>ധന്യ, വെട്ടത്തറ, കണ്ണമ്പാറ<br>ഭാനുമതി, വെട്ടത്തറ, കണ്ണമ്പാറ | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | ഹംസ ചാത്തംകോട്ടിൽ, കണ്ണമ്പാറ (ഗ്രൂപ്പിലെ ഒരംഗമായ റംലയുടെ ഭർത്താവിന്റെ പേരും വിലാസവും ഇത് തന്നെയാണ്) ചെക്ക് വിവരങ്ങൾ ഇല്ല. |
| 7 | പ്രിയദർശിനി JLG മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | രമണി.കെ.എ, എഴുത്തച്ഛൻ വളപ്പിൽ, മുള്ളൂർക്കര<br>ബീന.പി, പുന്നയിൽ വീട്, മുള്ളൂർക്കര<br>ഇന്ദിര.എം.കെ, ഇടപ്പാള വീട്, മുള്ളൂർക്കര<br>മിസിരിയ.കെ.എസ്, കുളങ്ങരത്തറ വീട്, മുള്ളൂർക്കര<br>ആസ്യ ഉസ്മാൻ, അള്ളന്നൂർ വീട്, മുള്ളൂർക്കര | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല (റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല) | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| 8 | സ്വപ്നം JLG മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | ഷാനിബ, കുന്നത്തുപീടികയിൽ വീട്, കണ്ണമ്പാറ, മുള്ളൂർക്കര<br>ഷാജിന, പാലഞ്ചേരി പള്ളത്ത് വീട്, കണ്ണംമ്പാറ (റേഷൻ കാർഡിൽ പേരില്ല)<br>രാജലക്ഷ്മി, തോട്ടത്തിൽ വീട്, കണ്ണംമ്പാറ | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | പ്രഭാകരൻ.പി.ആർ, പാറോല വീട്, കണ്ണമ്പാറ.<br>അക്കൗണ്ട്/ചെക്ക്<br>വിവരങ്ങൾ ഇല്ല. |

| | | | | |
|---|---|---|---|---|
| | | ഫാത്തിമ,കുന്നത്തുപീടികയിൽ വീട്, കണ്ണംമ്പാറ | | |
| | | സുബൈദ, ആമ്പക്കാട്ടിൽ വീട്, കണ്ണംമ്പാറ | | |
| 9 | സുനന്ദിനി,JLG, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | മീനാക്ഷി, മനവളപ്പിൽ, കാഞ്ഞിരക്കോട്. | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | ഷീന.കെ.എ, വടക്കൻ ഹൗസ്, കാഞ്ഞിരക്കോട്. |
| | | ഉഷ, അമ്പക്കാട്ടുവളപ്പിൽ,കാഞ്ഞിരക്കോട്. | | |
| | | രുഗ്മണി, പുത്തൻപുരയ്ക്കൽ, കാഞ്ഞിരക്കോട്. | | |
| | | വിജയകുമാരി, ചാലിയാട്ടിൽ, കാഞ്ഞിരക്കോട്. | | |
| | | പങ്കജാക്ഷി, പാമ്പിൻകാട്ടിൽ, കാഞ്ഞിരക്കോട്. | | |
| 10 | നന്ദിനി, JLG, ദേശമംഗലം ഗ്രാമപഞ്ചായത്ത് | വിലാസിനി, വാലികുളങ്ങര, ദേശമംഗലം | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| | | സുശീല, വാലികുളങ്ങര, ദേശമംഗലം | | |
| | | ശാന്ത, വാലികുളങ്ങര, ദേശമംഗലം | | |
| | | രമാദേവി, നീർത്തടത്തിൽ, ദേശമംഗലം | | |
| | | ഗീത, ചേനത്തുകാട്ടിൽ, ദേശമംഗലം | | |
| 11 | ജനനി, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | ലക്ഷ്മിദേവി, മുളക്കൽ വീട്, കൊട്ടുമ്പ് | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | കുട്ടിനാരായണൻ.കെ, കുരവൻകുഴിയിൽ, കൊട്ടുമ്പ്. |
| | | നിഷ, അന്താഴി വീട്, കൊട്ടുമ്പ് | | |
| | | സരോജിനി, പട്ടുകുളം വീട്, കൊട്ടുമ്പ് | | |
| | | ദേവയാനി, മുളക്കൽ വീട്, കൊട്ടുമ്പ് | | |
| | | സജിത, കൊളങ്ങരവളപ്പിൽ വീട്, കൊട്ടുമ്പ് | | |
| 12 | നന്ദിനി JLG, തെക്കുംകര ഗ്രാമപഞ്ചായത്ത് | സജിത, കുണ്ടുകാട്ടുപറമ്പിൽ വീട്, കാര്യാട്. | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല (കരാർ വച്ചിട്ടില്ല, ഗ്രൂപ്പ് രൂപീകരണ വിവരങ്ങൾ ഇല്ല) | സദാനന്ദൻ.ടി.കെ, തറയിൽ വീട്, കാര്യാട്, തെക്കുംകര.പി.ഓ. (ഗ്രൂപ്പിലെ ഒരംഗമായ സീത സദാനന്ദന്റെ ഭർത്താവിന്റെ പേരും വിലാസവും ഇത് തന്നെയാണ്) |
| | | സീത സദാനന്ദൻ, തറയിൽ വീട്, കാര്യാട്. | | |
| | | രാജലക്ഷ്മി, നൊട്ടത്ത് വീട്, കാര്യാട്. | | |
| | | രജിത അരവിന്ദാക്ഷൻ, കുളങ്ങരവളപ്പിൽ വീട്, മേപ്പാടം. | | |
| | | അഷിത, നീലങ്കാവിൽ വീട്, മേപ്പാടം. | | |
| 13 | വിജയശ്രീ JLG, വരവൂർ ഗ്രാമപഞ്ചായത്ത് | റജില, മുണ്ടനാട്ട് പറമ്പിൽ വീട്, വരവൂർ | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| | | സൗമ്യ, ആവശ്ശേരി വീട്, വരവൂർ | | |
| | | കദീജ, കല്ലിങ്ങപാടത്തിൽ വീട്, വരവൂർ | | |
| | | ഐഷ, കല്ലിങ്ങപാടത്തിൽ വീട്, വരവൂർ | | |
| | | ലിജി, കൊള്ളന്നൂർ വീട്, വരവൂർ | | |
| 14 | അശ്വതി JLG ദേശമംഗലം ഗ്രാമപഞ്ചായത്ത് | ഉഷാകുമാരി, ചങ്കരത്ത്, ദേശമംഗലം | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| | | ലക്ഷ്മിയമ്മ, ചങ്കരത്ത്, ദേശമംഗലം | | |
| | | ആസ്യ, സൗര്യംപറമ്പിൽ, ആറങ്ങോട്ടുകര | | |
| | | ഇന്ദിര, കോന്തത്തുഞ്ഞാലിൽ, ദേശമംഗലം | | |
| | | സാവിത്രി, കള്ളിവളപ്പിൽ, ആറങ്ങോട്ടുകര | | |
| 15 | അമ്പാടി JLG, മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | നന്ദിനി ബിനീഷ്, പീച്ചാംകോട്ടിൽ, ആറ്റൂർ | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല (റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല) | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| | | രമ,കിഴക്കേതിൽ, ആറ്റൂർ | | |
| | | സുജാത, പീച്ചാംകോട്ടിൽ, ആറ്റൂർ | | |
| | | മീനാക്ഷി, കുന്നിന്മേൽ, ആറ്റൂർ | | |
| | | റൈസി, പുന്നപ്പുഴ, ആറ്റൂർ | | |
| 16 | ആദി, JLG, ദേശമംഗലം ഗ്രാമപഞ്ചായത്ത് | വിലാസിനി, കള്ളിക്കുന്ന് കോളനി, ആറങ്ങോട്ടുകര | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല (റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല) | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| | | സരോജിനി, കള്ളിക്കുന്ന് കോളനി, ആറങ്ങോട്ടുകര | | |
| | | അജിത,കള്ളിക്കുന്ന് കോളനി, ആറങ്ങോട്ടുകര | | |
| | | രേഷ്മ, കള്ളിക്കുന്ന് കോളനി, | | |

| | | | | |
|---|---|---|---|---|
| | | ആറങ്ങോട്ടുകര<br>സുജിനി, ചേരമ്പാലപ്പടി, ആറങ്ങോട്ടുകര | | |
| 17 | ഗോശ്രീ, ദേശമംഗലം ഗ്രാമപഞ്ചായത്ത് | കാളികുട്ടി, കരുങ്ങത്ത്പടി, കൊണ്ടയൂർ<br>ഗീത, മുടത്തിപ്പറമ്പിൽ, കൊണ്ടയൂർ<br>കാർത്ത്യായിനി, പണ്ടാരത്തിൽപടി, കൊണ്ടയൂർ.<br>കാർത്ത്യായിനി.എ.കെ, പുത്തൻപുരയ്ക്കൽ, കൊണ്ടയൂർ<br>ബിന്ദു, കരുനാഗത്ത്, കൊണ്ടയൂർ | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല (റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല) | സുഭാഷ്.കെ എന്നയാൾക്ക് നൽകിയ ചെക്കിന്റെ പകർപ്പ് മാത്രം ഫയലിൽ വച്ചിരിക്കുന്നു. |
| 18 | ഗോകുലംII JLG, ദേശമംഗലം ഗ്രാമപഞ്ചായത്ത് | അമ്പിളി.കെ, പെരുമണ്ണിൽ വീട്, ദേശമംഗലം<br>സുനിത, പെരുമണ്ണിൽ വീട്, ദേശമംഗലം<br>ചിത്ര, പെരുമണ്ണിൽ വീട്, ദേശമംഗലം (റേഷൻ കാർഡിൽ പേരില്ല)<br>ബിന്ദു, ചീരമ്പത്തൂർ വീട്, ദേശമംഗലം<br>ഉഷ, ചീരമ്പത്തൂർ വീട്, ദേശമംഗലം | കനറ ബാങ്ക്, വടക്കാഞ്ചേരി | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| 19 | ഗോശ്രീ II, JLG, വരവൂർ ഗ്രാമപഞ്ചായത്ത് | ബിന്ദു.കെ.എൻ, കൊണ്ടത്തൊടിയിൽ, വരവൂർ<br>ഉഷാദേവി, ചക്രത്ത് വീട്, വരവൂർ<br>കാർത്ത്യായിനി, മുണ്ടൻകോട്ടിൽ വീട്, വരവൂർ<br>വിജയലക്ഷ്മി.സി, അവങ്ങികാട്ടിൽ വീട്, വരവൂർ.<br>അമ്മിണി, കണ്ണൻകാട്ടിൽ വീട്, വരവൂർ | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല (റേഷൻ കാർഡ് പകർപ്പ് ഹാജരാക്കിയിട്ടില്ല) | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| 20 | സുനന്ദിനി I, JLG, ദേശമംഗലം ഗ്രാമപഞ്ചായത്ത് | സന്ധ്യ.സി.കെ, മേളത്തുപറമ്പിൽ വീട്, കൊണ്ടയൂർ<br>പങ്കജാക്ഷി.കെ, നമ്പ്രത്ത് വീട്, കൊണ്ടയൂർ<br>സുജാത.സി, നമ്പ്രത്ത് വീട്, കൊണ്ടയൂർ<br>ദുർഗ, നമ്പ്രത്ത് വീട്, കൊണ്ടയൂർ<br>സുജല, പനയപ്പിള്ളി വീട്, കൊണ്ടയൂർ | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല (റേഷൻ കാർഡ് കോപ്പി ഹാജരാക്കിയിട്ടില്ല) | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| 21 | ഹൈബ, JLG, ദേശമംഗലം ഗ്രാമപഞ്ചായത്ത് | ആമിന, പുളിക്കൽ വീട്, വരവൂർ<br>കൗസു, കക്കാടത്ത് വീട്, വരവൂർ<br>ബീവാത്തു, കക്കാടത്ത്, വരവൂർ<br>സഫിയ, വലിയകത്ത് വീട്, വരവൂർ<br>റദിയ, വലിയകത്ത്, വരവൂർ | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല (റേഷൻ കാർഡ് പകർപ്പ് ഹാജരാക്കിയിട്ടില്ല) | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| 22 | ഗോമാതാ, JLG, ദേശമംഗലം ഗ്രാമപഞ്ചായത്ത് | പത്മിനി, കപ്പാരത്ത് വീട്, വരവൂർ<br>സുനിത, ചോലയിൽ വീട്, വരവൂർ<br>സുബൈദ, അക്കപ്പറമ്പിൽ, വരവൂർ<br>അനിത, ചങ്ങാരത്ത്, വരവൂർ<br>നാരായണി, കുന്നത്ത്, വരവൂർ | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല (റേഷൻ കാർഡ് പകർപ്പ് ഹാജരാക്കിയിട്ടില്ല) | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല |
| 23 | ഗോകുലം,JLG, ദേശമംഗലം ഗ്രാമപഞ്ചായത്ത് | ജിഷ, കളത്തിൽ വീട്, വരവൂർ.<br>നാണി, പള്ളത്ത് വീട്, വരവൂർ.<br>ഷൈനി, പരുത്തിക്കാട് വീട്, വരവൂർ.<br>ശാന്ത, കളത്തിൽ വീട്, വരവൂർ.<br>നന്ദിനി, വാഴകത്ത്, വരവൂർ. | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല (റേഷൻ കാർഡ് പകർപ്പ് ഹാജരാക്കിയിട്ടില്ല) | സേതുമാധവൻ.കെ.പി, കലവറപണ്ടാരത്തിൽ ചെറുകാട്. |
| 24 | മർഹബ, JLG, മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | റംല, ആനപ്പറമ്പിൽ വീട്, കണ്ണംപാറ. (റേഷൻ കാർഡിൽ പേരില്ല)<br>സരോജിനി, വട്ടകിണറ്റിൽ വീട്, കണ്ണംപാറ.<br>ഷാജിത, പുത്തൻപീടികയിൽ വീട്, കണ്ണംപാറ.<br>സിന്ധു, കുറവക്കാട്ടിൽ വീട്, | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | കൃഷ്ണൻകുട്ടി.വി.കെ, വട്ടകിണറ്റിൽ വീട്, കണ്ണംപാറ. (ഗ്രൂപ്പിലെ ഒരംഗമായ സരോജിനിയുടെ ഭർത്താവിന്റെ പേരും വിലാസവും ഇത് തന്നെയാണ്) |

| | | | | |
|---|---|---|---|---|
| | | കണ്ണംപാറ.<br>നസീമ, കുന്നത്തുപീടികയിൽ,കണ്ണംപാറ. | | |
| 25 | അക്ഷയ, JLG, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | ആനി ജോൺ, മുണ്ടഞ്ചേരി, കൊട്ടുമ്പ്<br>സിൽവി കുരിയാക്കോസ്, ഉമ്പശ്ശേരി വീട്, കൊട്ടുമ്പ്<br>ത്രേസ്യ, പാറമേൽ വീട്, കൊട്ടുമ്പ്<br>സെലീന ഷിജു, മുണ്ടഞ്ചേരി വീട്, കൊട്ടുമ്പ്<br>സുജയ, മാഞ്ഞിരമകുടി വീട്, കൊട്ടുമ്പ് | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | സോഫി ഷാജി, ആനിത്തോട്ടത്തിൽ, കൊട്ടുമ്പ്. |
| 26 | സ്റ്റാർ, JLG, തെക്കുംകര ഗ്രാമപഞ്ചായത്ത് | കുഞ്ഞമ്മ സ്കറിയ, കിഴക്കേക്കര വീട്, കുത്തുപാറ, മിണാലൂർ.<br>മേരിക്കുട്ടി ജോണി, പനച്ചിക്കാട്ടിൽ വീട്, കുത്തുപാറ, മിണാലൂർ.<br>ജെസ്സി ബാബു, കിഴക്കേക്കര വീട്, കുത്തുപാറ, മിണാലൂർ.<br>ലില്ലി സെബാസ്റ്റ്യൻ, പുളിയമ്മേക്കൽ വീട്, കുത്തുപാറ, മിണാലൂർ.<br>കമല രാമൻകുട്ടി, കാവുള്ളാട്ടിൽ വീട് കുത്തുപാറ, മിണാലൂർ. | കനറ ബാങ്ക് | ഗോപാലകൃഷ്ണൻ, ഗോപീസദനം, കുത്തുപാറ, മിണാലൂർ. |
| 27 | കാമധേനു, JLG, തെക്കുംകര ഗ്രാമപഞ്ചായത്ത് | സിനി സണ്ണി, നല്ലേടത്ത് വീട്, കല്ലംപാറ, പനങ്ങാട്ടുകര.<br>മേരി വർഗ്ഗീസ്, മാളിക്കുന്നേൽ വീട്, വട്ടായി, കുണ്ടുകാട്.<br>ആൻസി ആന്റണി, ചിരിയങ്കണ്ടത്ത് വീട്, വട്ടായി, കുണ്ടുകാട്.<br>ചിന്നമ്മ ബാബു, നല്ലേടത്ത് വീട്, കല്ലംപാറ, പനങ്ങാട്ടുകര.<br>ലില്ലി വിൽസൺ, മുത്തലത്തോട്ടത്തിൽ വീട്, കല്ലംപാറ, പനങ്ങാട്ടുകര. | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | ഷീജ ഷാജി, മഴകുന്നേൽ വീട്, കല്ലംപാറ, പനങ്ങാട്ടുകര. |
| 28 | ഗോവർദ്ധന JLG, വരവൂർ ഗ്രാമപഞ്ചായത്ത് | പാറുകുട്ടി, ചങ്ങരത്ത് വടക്കേതിൽ വീട്, പിലാക്കാട്, വരവൂർ.<br>ദേവകി, മാരാത്ത് വീട്, പിലാക്കാട്, വരവൂർ<br>ഉഷ, കുന്നത്ത് വീട്, പിലാക്കാട്, വരവൂർ<br>കമലാക്ഷി, ചേരമ്പാല വീട്, പിലാക്കാട്, വരവൂർ<br>കുറുമ്പ, പെരുകുന്ന് കോളനി, പിലാക്കാട്, വരവൂർ | കനറ ബാങ്ക് | കൃഷ്ണൻ.കെ.കെ, കുന്നത്ത് വീട് പിലാക്കാട്, വരവൂർ (ഗ്രൂപ്പ് അംഗമായ ഉഷയുടെ ഭർത്താവിന്റെ പേരും വിലാസവും ഇത് തന്നെയാണ്) |
| 29 | നന്മ JLG, തെക്കുംകര ഗ്രാമപഞ്ചായത്ത് | ലില്ലി പത്രോസ്, തോമ്പിക്കാട്ടിൽ വീട്, വട്ടപ്പാറ, കുണ്ടുകാട്.<br>അമ്മിണി ജോസഫ്, തോമ്പിക്കാട്ടിൽ വീട്, വട്ടപ്പാറ, കുണ്ടുകാട്.<br>അല്ലി മത്തായിക്കുഞ്ഞ്, തോമ്പിക്കാട്ടിൽ വീട്, വട്ടപ്പാറ, കുണ്ടുകാട്.<br>ഷീന ജെയിംസ്, തോമ്പിക്കാട്ടിൽ വീട്, വട്ടപ്പാറ, കുണ്ടുകാട്.<br>മേരി തങ്കപ്പൻ, അറയ്ക്കൽ വീട്, വട്ടപ്പാറ, കുണ്ടുകാട്. | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | അല്ലി തോമസ്, തോമ്പിക്കാട്ടിൽ വീട്, വട്ടപ്പാറ, കുണ്ടുകാട്. |
| 30 | ബിസ്മില്ല JLG, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് | നസീറ, വടക്കേപീടികയിൽ വീട്, കൊട്ടുമ്പ്, കുമരനെല്ലൂർ.<br>ഷാഹിന, അരങ്ങത്ത്പറമ്പിൽ വീട്, കൊട്ടുമ്പ്, കുമരനെല്ലൂർ.<br>കദീജ, അമ്പക്കാട്ടിൽ വീട്, കൊട്ടുമ്പ്, കുമരനെല്ലൂർ.<br>ഐഷ, പാറമേൽ വീട്, കൊട്ടുമ്പ്, കുമരനെല്ലൂർ.<br>തങ്കമണി, തോപ്പിൽവളപ്പിൽ വീട്, കൊട്ടുമ്പ്, കുമരനെല്ലൂർ. | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല | സിദ്ദിഖ്.എ.എം, അമ്പക്കാട്ട് വളപ്പിൽ വീട്, കൊട്ടുമ്പ്, കുമരനെല്ലൂർ. (ഗ്രൂപ്പ് അംഗമായ കദീജയുടെ ഭർത്താവിന്റെ പേരും വിലാസവും ഇത് തന്നെയാണ്) |

III) പദ്ധതി മാർഗ്ഗരേഖ പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നല്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പരിശോധനയ്ക്കായി ഹാജരാക്കിയ പദ്ധതിയുടെ ഫയലിൽ, മിക്കതിലും മേൽ

വ്യക്തമാക്കിയ പ്രകാരം പശുക്കളെ ഗുണഭോക്താക്കൾക്ക് വിറ്റവരുടെ കൈപ്പറ്റുരേഖകൾ ഇല്ലാത്തതാണ്. കൈപ്പറ്റുരേഖകൾ ഉള്ളതുതന്നെ, വെള്ളകടലാസിലുള്ള കൈപ്പറ്റുരശീതി മാത്രമാണ് ഫയലിൽ ഉള്ളടക്കം ചെയ്തിരിയ്ക്കുന്നത്.

IV) പദ്ധതി പണം, വായ്പ അനുവദിച്ച ധനകാര്യ സ്ഥാപനത്തിലേയ്ക്ക് കൈമാറിയതിന്റെ രേഖകളോ/JLG ഗ്രൂപ്പുകളുടെ വായ്പാ പാസ്സ് ബുക്കോ/വായ്പ അനുവദിച്ച രേഖകളോ ഒന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.
V) ഇൻഷൂറൻസ് കവറേജ് എടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഉരുക്കളെ മൂന്ന് വർഷത്തേക്ക് ഇൻഷൂർ ചെയ്യണമെന്നാണ് പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്.

VI) പ്രോജക്ടിലെ താഴെ പറയുന്ന ഗുണഭോക്താക്കൾ ഒരേ റേഷൻകാർഡ് തന്നെയാണ് അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിരിയ്ക്കുന്നത്.

| ഗുണഭോക്താവിന്റെ പേര് | JLG, ഗ്രൂപ്പിന്റെ പേര് | റേഷൻ കാർഡ് നമ്പർ |
|---|---|---|
| ഉഷാകുമാരി, ചങ്കരത്ത്, ദേശമംഗലം. | അശ്വതി,ദേശമംഗലം | 1842052006 |
| ലക്ഷ്മിയമ്മ, ചങ്കരത്ത് | അശ്വതി,ദേശമംഗലം | |

ഒരു കുടുംബത്തിൽ ഉൾപ്പെട്ട രണ്ടുപേർക്ക് ഒരേസമയം ആനുകൂല്യം വിതരണം ചെയ്ത നടപടി മാർഗ്ഗരേഖ നിർദ്ദേശത്തിനു വിരുദ്ധമാണ്.

VII) താഴെ പറയുന്ന പദ്ധതി ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം ഹാജരാക്കിയ റേഷൻകാർഡിൽ സർക്കാർ ജീവനക്കാർ ഉൾപ്പെട്ടിട്ടുള്ളതായി രേഖപ്പെടുത്തിയിരിയ്ക്കുന്നു. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനു വിരുദ്ധമായി താഴെ പറയുന്നവർക്ക് ആനുകൂല്യം അനുവദിച്ചിരിയ്ക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | JLG, ഗ്രൂപ്പിന്റെ പേര് | റേഷൻ കാർഡ് നമ്പർ | കുറിപ്പ് |
|---|---|---|---|
| ദേവയാനി | ജനനി, എരുമപ്പെട്ടി | 1842044186 | ഭർത്താവ്, എം.ശങ്കരൻകുട്ടിനായർ-സർവ്വീസ് പെൻഷണർ |
| സീത സദാനന്ദൻ | നന്ദിനി, തെക്കുംകര | 1842122217 | ഭർത്താവ്, സദാനന്ദൻ -സംസ്ഥാന സർക്കാർ ജീവനം |
| ആമിന | കൈരളി, മുള്ളൂർക്കര | 1842053419 | ഭർത്താവ്, അബൂബക്കർ-സർവ്വീസ് പെൻഷണർ. മകൾ ഫൌഷിയ-കേന്ദ്രസർക്കാർ ജീവനം |
| പി.എസ്.മീനാക്ഷി | സുനന്ദിനി | 1842044303 | ഭർത്താവ്, കെ.എം.സുബ്രമണ്യൻ-സംസ്ഥാനസർക്കാർ ജീവനം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.17/10.12.2018 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവു ചെയ്ത ₹22,50,000/ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-4 മാലിന്യ സംസ്ക്കരണകേന്ദ്രം-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പദ്ധതിക്ക് വികസനഫണ്ട് വകയിരുത്തി-പ്രൊജക്ടിന്റെ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് തുക കൈമാറി

പ്രൊജക്ട് നം-21/18

നിർവ്വഹണം-ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

2017-18 സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിന്റെ ലക്ഷ്യം പ്ലാസ്റ്റിക് ശേഖരണം, പ്ലാസ്റ്റിക് മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് ഉപ ഉൽപ്പന്നം നിർമ്മാണം എന്നിവയും പ്രൊജക്ടിന്റെ സൂക്ഷ്മമേഖല കോഡ് മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ എന്നിവയുമായിരുന്നു.

വകയിരുത്തിയ തുക- വികസനഫണ്ട് (ജനറൽ)-34,86,600/-

ഗ്രാമപഞ്ചായത്ത് - 10,00,000/-

ആകെ - 44,86,600/-

മാലിന്യ സംസ്കരണയൂണിറ്റ് 2 എണ്ണം വാങ്ങുന്നതിനാണ് (2243300*2) 44,86,600/- രൂപ വകയിരുത്തി കാണുന്നത്. എന്നാൽ പ്രൊജക്റ്റിന്റെ നിർവ്വഹണഘട്ടത്തിൽ വികസനഫണ്ട് വിഹിതം എരുമപ്പെട്ടി, തെക്കുംകര ഗ്രാമപഞ്ചായത്തുകളുടെ മാലിന്യം സംസ്കരണപ്ലാന്റിനുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി തുക കൈമാറുകയാണ് ഉണ്ടായത്. വിശദാംശം താഴെ കൊടുക്കുന്നു.

| 1.തെക്കുംകര ഗ്രാമപഞ്ചായത്ത് | 2.എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് |
|---|---|
| പ്രൊജക്റ്റ് നം-261/18, മാലിന്യ ശേഖരണസംസ്കരണകേന്ദ്രം | പ്രൊജക്റ്റ് നം-118/18, എം.ആർ.എഫ് യൂണിറ്റ് നിർമ്മാണം |
| അടങ്കൽ- വികസനഫണ്ട്-90,000/-<br>ബ്ലോക്ക് വിഹിതം-20,00,000/-<br>ആകെ-20,90,000/- | അടങ്കൽ- വികസനഫണ്ട്-1,00,000/-<br>ബ്ലോക്ക് വിഹിതം-17,50,000/-<br>ആകെ-27,50,000/- |
| ട്രഷറി ബിൽ നം-18/17.1.18<br>തുക-17,00,000/- | ട്രഷറി ബിൽ നം-43/17.3.18<br>തുക-17,50,000/- |
| അക്കൗണ്ട് നം-79901140000790 | അക്കൗണ്ട് നം-79901140000783 |
| കരാർ തീയതി-20.11.17 | കരാർ തീയതി-1.8.18 |
| വിനിയോഗസാക്ഷ്യപത്രം ഇല്ല | വിനിയോഗസാക്ഷ്യപത്രം ഇല്ല |

സംയുക്ത പ്രൊജക്റ്റുകളുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറുന്ന രീതിയിലായിരിക്കണം പ്രൊജക്റ്റ് തയ്യാറാക്കേണ്ടിയിരുന്നത്. ആയതിനു പകരം മാലിന്യ സംസ്കരണകേന്ദ്രം എന്ന രീതിയിൽ പ്രൊജക്റ്റ് തയ്യാറാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത് താഴെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.11/7.12.18)

"ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള സ്ഥലം ലഭ്യമല്ലാത്തതിനാലാണ് ഭരണസമിതി തീരുമാനപ്രകാരം തുക കൈമാറിയത്."(തീരുമാനം നമ്പർ ലഭ്യമല്ല). ഈ മറുപടി തൃപ്തികരമല്ല. പദ്ധതി നടപ്പാക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ നിലവിലുണ്ടോ എന്നു പരിശോധിക്കാതെ പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങുകയും, നിർവ്വഹണഘട്ടത്തിൽ മാത്രം ആയത് വിശകലനം നടത്തി ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുകയും ചെയ്യുന്നത് ശരിയായ നടപടിക്രമമല്ല.

ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക 34,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-5 തെക്കുംകര ലക്ഷം വീട് കുടിവെള്ള പദ്ധതി-കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

2011-12 ൽ തെക്കുംകര ലക്ഷം വീട് കുടിവെള്ള പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് 5,00,000/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച് പ്രവൃത്തി ചെയ്യുകയും, വാട്ടർ അതോറിറ്റിയുടെ 27.1.14 ലെ എ4-691/2012(ഇ) തൃശ്ശൂർ പി.എച്ച് ഡിവിഷൻ കത്തു പ്രകാരം 4,41,193/- രൂപ ചെലവ് വന്നതായും അറിയിച്ചിരുന്നു. ഭരണസമിതിയുടെ 14.11.14 ലെ 5ാം നമ്പർ തീരുമാനപ്രകാരം ബാക്കിയുള്ള 44,193/- രൂപ ഉപയോഗിച്ച് പുതിയ കുഴൽകിണർ കുഴിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് അനുമതി നൽകിയിട്ടുള്ളതാണ്. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 15.7.17 ലെ തീരുമാനം 5 പ്രകാരം കുഴൽ കിണർ കുഴിക്കുന്നതിനും മറ്റ് പൂർത്തീകരണ പ്രവർത്തനങ്ങൾക്കുമായി തെക്കുംകര ലക്ഷം വീട് കുടിവെള്ള പദ്ധതി തെക്കുംകര ഗ്രാമപഞ്ചായത്തിന് കൈമാറാൻ തീരുമാനിച്ചു. എന്നാൽ 5,00,000/- രൂപയിൽ 4,41,193/- രൂപ കിഴിച്ച് ബാക്കി ബോദ്ധ്യപ്പെട്ടിട്ടില്ല. 58,807/- രൂപയ്ക്ക് പകരം ബാക്കി തുക 44,193/- രൂപ എന്നു രേഖപ്പെടുത്തിയതിന്റെ കൃത്യത, മേൽ കുടിവെള്ളപദ്ധതി ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടും, നാളിതുവരെ കുഴൽകിണർ നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ വാട്ടർ അതോറിറ്റിയിൽ നിന്നും 44,193/- രൂപ തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/7.12.18 ന് മറുപടി നൽകുകയുണ്ടായില്ല.

വാട്ടർ അതോറിറ്റി കുഴൽകിണർ നിർമ്മാണം ആരംഭിക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-6 തനതുഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്താതെ പ്രൊജക്ടുകൾക്ക് തുക വകയിരുത്തി-പ്രൊജക്ടുകളിലെ തനതുഫണ്ട് വിഹിതം ചെലവഴിക്കാൻ സാധിച്ചില്ല.

ജി.ഒ.(എം.എസ്) നം. 72/2017/ത.സ്വ.ഭ.വ/തീയതി 29.03.2017 ലെ ഖണ്ഡിക 11.1(4) പ്രകാരം 1994ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിലേയും ചട്ടത്തിലെയും വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടുന്ന അനിവാര്യ ചെലവുകൾക്കും, അനുവദനീയമായ മറ്റു ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുകയാണ് തനത് ഫണ്ട് സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ജി.ഒ.(എം.എസ്) നം.72/17 ത.സ്വ.ഭ.വ തീയതി.29.03.2017 ഖണ്ഡിക 11.1(5) പ്രകാരം 2016-17 വാർഷിക പദ്ധതിയിൽ വിനിയോഗിച്ച തനതു ഫണ്ട് തുകയുടെ 15% ത്തിൽ അധികരിച്ച തുക 2017-18 ൽ വാർഷിക പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ ഇത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഓഡിറ്റ് ചുമതലയുള്ള ജില്ലാ/മേഖല/സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം മുൻകൂട്ടി വാങ്ങേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെ ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തികവർഷം 90,95,462/- രൂപ തനതു ഫണ്ട് സ്രോതസ്സായി പ്രൊജക്ടുകളിൽ വകയിരുത്തിയിട്ടുണ്ട്.

2017-18 സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്ത് തനതുഫണ്ട് അക്കൗണ്ടിൽ മുന്നിരിപ്പ് 51,50,719/- രൂപയാണ്. ജനറൽ പർപ്പസ് ഗ്രാന്റ് തൻവർഷം ലഭിച്ചത് 35,82,000/- രൂപയാണ്. കൂടാതെ തനതു ഫണ്ടിലേക്കുള്ള വരവിനങ്ങളിൽ നിന്ന് ലഭ്യമായത് 10,21,867/- രൂപയാണ്. അതായത് തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാൻ ലഭ്യമായത് 97,54,586/- രൂപ മാത്രമാണ്.

2017-18 സാമ്പത്തികവർഷം പി.എം.എ.വൈ. ഭവനം 2016-17, 2017-18 (ജനറൽ), (പ്രൊജക്ട് നം.74/18) തുക-25,800/-, ലൈഫ് മിഷൻ ഭവന പൂർത്തീകരണം (ജനറൽ), (പ്രൊജക്ട് നം-83/18)-തുക-74,60,600/- എന്നിങ്ങനെ തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ടെങ്കിലും തനതുഫണ്ടിൽ നിന്നും ചെലവു ചെയ്തിട്ടില്ല.,ഈ പ്രൊജക്ടുകൾക്കായി തനതുഫണ്ട് വിഹിതം ചെലവഴിക്കാതിരുന്നിട്ടും തനതുഫണ്ടിലെ,31.3.18 ലെ നീക്കിയിരിപ്പ് 8,26,160/- രൂപ മാത്രമാണ്. തനതുഫണ്ട് വിഭവസ്രോതസ്സായി വകയിരുത്തുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും പദ്ധതി നിർവ്വഹണം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

# 3-7 നിർമ്മൽ ഗ്രാമപുരസ്ക്കാര തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ സമ്പൂർണ്ണ ശുചിത്വത്തിന്റെ അക്കൗണ്ട് നം.36566 ൽ നിന്നും ചെക്ക് നം.977994/11.8.16 പ്രകാരം 32,44,327/- രൂപ(നിർമ്മൽ പുരസ്കാര തുക ഉൾപ്പെടെ) ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകിയിരുന്നു. മേൽ തുക ഓൺലൈൻ ട്രാൻസ്ഫർ മുഖേന 2.11.17 ൽ ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകിയത് സമ്പൂർണ്ണ ശുചിത്വത്തിന്റെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ അക്കൗണ്ട് നം.16214 ൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത തുക ശുചിത്വ മിഷന് കൈമാറാനുണ്ടായ സാഹചര്യം, നിർമ്മൽ പുരസ്കാര തുക ആകെ ലഭിച്ചത്, നാളിതുവരെ ചെലവഴിച്ചത്, നീക്കിയിരിപ്പുള്ള തുക എന്നിവ സംബന്ധിച്ച് വിശദാംശങ്ങൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.16/10.12.18 ന് മറുപടി ലഭ്യമാക്കിയില്ല.

നിർമ്മൽ പുരസ്കാര തുക മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-8 ഐ.എ.വൈ -ചെക്ക് ഇഷ്യൂ രജിസ്റ്റർ,വാച്ച് രജിസ്റ്റർ രേഖപ്പെടുത്തലുകളിൽ സൂക്ഷ്മത പുലർത്തുന്നില്ല.

2017-18 സാമ്പത്തിക വർഷത്തെ വാർഷികകണക്കു പ്രകാരം വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനവിഹിതം, ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം നിക്ഷേപിച്ചിരിക്കുന്ന ബാങ്കുകളിലെ മുന്നിരിപ്പ്, 31.3.18 ലെ നീക്കിയിരിപ്പ് എന്നിവ താഴെ ചേർക്കുന്നു.

| വിഹിതം | അക്കൗണ്ട് നമ്പർ | മുന്നിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|---|
| ബ്ലോക്ക് | 67094794494 | 5634388 | 5366945 |
| സംസ്ഥാനവിഹിതം | 0661 | 2315508 | 2080739 |
| ഗ്രാമപഞ്ചായത്ത് | 7861 | 2384105 | 1130751 |
| ജില്ലാപഞ്ചായത്ത് | 7963 | 8674962 | 13250644 |

ഓരോ അക്കൗണ്ടുകളുടെയും ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തിയിട്ടില്ല. ചില എൻട്രികളിൽ ഗുണഭോക്താവിന്റെ പേരും അക്കൗണ്ട് നമ്പറും മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ. ഗുണഭോക്താവ് ഏതു ഗ്രാമപഞ്ചായത്തിലെ ഏതു വർഷത്തെ ഗുണഭോക്താവാണെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. അതു പോലെ 2017-18 സാമ്പത്തികവർഷം ട്രഷറിയിൽ നിന്നും നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത സ്റ്റേറ്റ്മെന്റിലും ഇതേ അപാകത ആവർത്തിച്ചിരിക്കുന്നു.

കൂടാതെ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ചെക്ക് നമ്പറും, അതാതു ഗ്രാമപഞ്ചായത്തുകളുടെ ഗുണഭോക്താക്കളുടെ വാച്ച് രജിസ്റ്ററിലെ ചെക്ക് നമ്പറിന്റെ രേഖപ്പെടുത്തലും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | വിഹിതം | ചെക്ക് നം/തുക | വാച്ച് | കുറിപ്പുകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | (വൗച്ചറിനോടൊപ്പമുള്ള സ്റ്റേറ്റ്മെന്റ്) | രജിസ്റ്റർ-ചെക്ക് നം/ തുക | |
| കാർത്തിക സുരേഷ്, മുള്ളൂർക്കര | ജില്ലാ പഞ്ചായത്ത് | 292317/2.2.18 50000/- | 272314/6.1.18 50000/- | വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമായതിനാൽ വ്യത്യാസം പരിശോധിക്കാൻ സാധിച്ചിട്ടില്ല. |
| അമ്മിണി, മണലിത്തറ, തെക്കുംകര | ജില്ലാ പഞ്ചായത്ത് | 292310/3.1.18 40000/- | 272306/ 28.12.17 40000/- | |
| സുനിത, ദേശമംഗലം | സംസ്ഥാന വിഹിതം | 01111/8.8.17 50000/- | 01111/8.8.17 25000/- | |

കൂടാതെ ഓരോ വിഹിതവും കൈമാറുമ്പോൾ അത് ഏതിനത്തിലെ തുകയാണെന്ന വിവരം കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ഓരോ ഗുണഭോക്താവിനും വിഹിതങ്ങൾ അനുവദിക്കുന്നത് ശരിയായ അനുപാതത്തിലാണോയെന്ന വിവരവും പരിശോധിക്കാൻ സാധിക്കുന്നില്ല. ആയതിനാൽ തന്നെ 2017-18 ലെ സെൻട്രൽ ഷെയർ, സ്റ്റേറ്റ് ഷെയർ, ഗ്രാമ/ജില്ലാ /ബ്ലോക്ക് വിഹിതം അനുവദിച്ചതിന്റെ കൃത്യത പൂർണ്ണമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഗുണഭോക്താവിന്റെ പൂർണ്ണ വിവരങ്ങളോടൊപ്പം, ഓരോ വിഹിതവും അനുവദിക്കുമ്പോൾ ആയതിന്റെ ചെക്ക് നമ്പർ, തുക, കൈപ്പറ്റിയത്, ഏതിനം ഫണ്ട് എന്നിവ രേഖപ്പെടുത്താനും സാധിക്കുന്ന വിധത്തിൽ വളരെ കൃത്യമായ രീതിയിൽ തയ്യാറാക്കേണ്ട രജിസ്റ്റർ ആണ് ഐ.എ.വൈ.വാച്ച് രജിസ്റ്റർ. ആയത് ഇത്രയും സൂക്ഷ്മതയില്ലാതെ പരിപാലിക്കുന്നത് ഗുണഭോക്താക്കൾക്ക് അനർഹമായി ധനസഹായങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമായി തീരുമെന്ന വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# 3-9 ഐ.എ.വൈ പദ്ധതി-ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നു.

2017-18 സാമ്പത്തികവർഷത്തെ വാർഷികകണക്കു പ്രകാരം ഐ.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം നിക്ഷേപിച്ചിട്ടുള്ള എസ്.ബി.ഐ അക്കൗണ്ട് നമ്പർ 67318757963 – ൽ 31.3.18 ലെ നീക്കിയിരിപ്പ് 1,32,50,644/- രൂപയാണ്.

പി.എം.എ.വൈ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് ജില്ലാപഞ്ചായത്ത് വിഹിതമായി 98,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്.(കേന്ദ്രം-1,20,000/-, ഗ്രാമപഞ്ചായത്ത്-70,000/-, ബ്ലോക്ക് പഞ്ചായത്ത്-1,12,000/-, ജില്ലാപഞ്ചായത്ത്-98,000/- രൂപ ഉൾപ്പെടെ ആകെ 4,00,000/- രൂപ).

ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഐ.എ.വൈ ഗുണഭോക്താക്കളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയതിൽ ബ്ലോക്ക് പഞ്ചായത്തിലെ ഗുണഭോക്താക്കളുടെ എണ്ണം താഴെ കൊടുക്കുന്നു.

| ഗ്രാമപഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ദേശമംഗലം | 14 |
| എരുമപ്പെട്ടി | 8 |
| മുള്ളൂർക്കര | 14 |
| തെക്കുംകര | 10 |
| വരവൂർ | 20 |
| | 66 |

വടക്കാഞ്ചേരി നഗരസഭയിലെ ഐ.എ.വൈ ഗുണഭോക്താക്കളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചതായി കാണുന്നു. കൂടാതെ 2017-18 ലെ പി.എം.എവൈ ഗുണഭോക്താക്കളിൽ ആകെ കരാർ വെച്ചിട്ടുള്ളത് 12 പേർ മാത്രമാണ്. ഇപ്രകാരം 100 ൽ താഴെ ഗുണഭോക്താക്കൾക്കു മാത്രമാണ് ധനസഹായം അനുവദിക്കാനുള്ളത്. 2017-18 ൽ മേൽപറഞ്ഞ ഗുണഭോക്താക്കളിൽ മിക്കവരും ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും നിശ്ചിത തുക വീതം കൈപ്പറ്റിയിട്ടുള്ളവരാണ്. ആയതിനു ശേഷവും 31.3.18 ൽ അക്കൗണ്ടിൽ ഒരു കോടിയിൽപരം രൂപ നീക്കിയിരിപ്പായി അവശേഷിച്ചിരിക്കുന്നത് എപ്രകാരമെന്ന് വ്യക്തമല്ല.

അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതും ബാക്കിയുള്ള തുക സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-10 ഐ.എ.വൈ ഭവനപദ്ധതി-ഗുണഭോക്താവ് തിരിച്ചടച്ച തുക വിവിധ വിഹിതങ്ങളുടെ അക്കൗണ്ടിലേക്ക് വകയിരുത്തേണ്ടതാണ്.

2014-15 സാമ്പത്തികവർഷത്തെ ഐ.എ.വൈ ഗുണഭോക്താവായ പദ്മിനി w/o ശിവൻ എന്നയാൾക്ക് ഭവനനിർമ്മാണത്തിനായി പല ഗഡുക്കളായി 2,00,000/- രൂപ അനുവദിച്ചിരുന്നു. ജപ്തിനടപടികൾ നേരിടുന്നതിനാൽ വീട് വിൽക്കുന്നതിന് അനുവാദം ലഭിക്കാനായി ഗുണഭോക്താവ് സമർപ്പിച്ച അപേക്ഷയിൽ മേൽ പ്രകാരം കൈപ്പറ്റിയ 2,00,000/- രൂപയും 12% പലിശയും തിരികെ ഈടാക്കി വീട് വിൽക്കുന്നതിന് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 1/10.04.17 തീരുമാന പ്രകാരം അനുവാദം നൽകിയിട്ടുമുണ്ട്.

മേൽതുകയുടെ തിരിച്ചടവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/7.12.18 നുള്ള മറുപടിയായി ഗുണഭോക്താവ് കൈപ്പറ്റിയ 2,00,000/- രൂപയും 12% പലിശയും ഉൾപ്പെടെ ആകെ 2,45,440/- രൂപ തിരികെ ഈടാക്കി ഐ.എ.വൈ അക്കൗണ്ട് നം.67094794494 ൽ അടവാക്കിയതായി അറിയിച്ചിട്ടുണ്ട്.

എന്നാൽ മേൽപറഞ്ഞ അക്കൗണ്ട് മുൻവർഷങ്ങളിൽ ബ്ലോക്ക്പഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതം നിക്ഷേപിച്ചിരുന്ന അക്കൗണ്ടാണ്. ഐ.എ.വൈ ധനസഹായം കേന്ദ്ര/സംസ്ഥാന/ജില്ലാ/ബ്ലോക്ക്/ഗ്രാമ/പഞ്ചായത്തുകൾ എന്നിവയിൽ നിന്ന് അനുവദിക്കുന്നതിനാൽ അനുവദിച്ച തുക പരിശോധിച്ച് ആയതിനനുസരിച്ച് ഇപ്പോൾ തിരികെ ലഭിച്ചിട്ടുള്ള തുക അതാതു അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-11 ഐ.എ.വൈ വായ്പാ തിരിച്ചടവ്-പലിശ തുക സർക്കാരിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

2017-18 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി ഐ.എ.വൈ വായ്പാ തിരിച്ചടവിനായി പ്രൊജക്ട് നം.76/18 ഏറ്റെടുക്കുകയും വികസനഫണ്ടിൽ നിന്നും 50,94,402/- രൂപ താഴെ പറയും പ്രകാരം സർവ്വീസ് സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.(ട്രഷറി ബിൽ നം-12/18.9.7 തുക 50,94,402/-)

| ബാങ്ക് | അക്കൗണ്ട് നം | തുക |
|---|---|---|
| പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണബാങ്ക്, അത്താണി | 30963368227 | 29,25,380/- |
| ദേശമംഗലം സർവ്വീസ് സഹകരണബാങ്ക്, | 426700210001706 | 21,69,022/- |
| | ആകെ | 50,94,402/- |

ഐ.എ.വൈ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ലോൺരജിസ്റ്റർ നാളിതുവരെ പരിപാലിച്ചിട്ടില്ല. നിലവിൽ വായ്പാ തിരിച്ചടവ് പൂർത്തിയായതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയെങ്കിലും താഴെ പറയുന്നവയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.18/11.12.18)

1. 26.4.13 ലെ സ.ഉ.(എം.എസ്) നം.162/13 ത.സ്വ.ഭ.വ പ്രകാരം ഇ.എം.എസ്, ഐ.എ.വൈ ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധികസഹായം അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സഹകരണബാങ്കിൽ നിന്നും വായ്പയെടുക്കുമ്പോൾ 11.25 % വരെയുള്ള പലിശ സർക്കാർ വഹിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പിന്റെ 14.3.14 ലെ സ.ഉ.(എം.എസ്) 90/13 പ്രകാരം ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അധികധനസഹായം അനുവദിക്കുന്നതിന് 75,000/- രൂപ വീതം സർക്കാർ വഹിക്കുന്നതിനും ആയത് നിശ്ചിത നിബന്ധനകൾക്ക് വിധേയമായി ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് ഭവനപദ്ധതി നടപ്പാക്കുന്നതിനും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്അനുമതി നൽകുകയുണ്ടായി.,വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 21.3.13 ലെ 1-ാം നമ്പർ തീരുമാനപ്രകാരം താഴെ പറയുന്ന ബാങ്കുകളിൽ നിന്ന് വായ്പയെടുക്കാൻ തീരുമാനിക്കുകയുണ്ടായി.,10 വർഷ കാലയളവിൽ 12% പലിശയോടു കൂടിയാണ് കരാറിൽ ഏർപ്പെട്ടിരുന്നത്.

| ബാങ്ക് | അക്കൗണ്ട് നം | അനുവദിച്ച വായ്പാ തുക |
|---|---|---|
| ദേശമംഗലം | 101100010009195 | 15,00000 |

| | | |
|---|---|---|
| അമ്പലപ്പാട് | 220130 | 450000 |
| വരവൂർ | 3603 | 600000 |
| എരുമപ്പെട്ടി | 7595 | 525000 |
| മുള്ളൂർക്കര | 394 | 600000 |
| വടക്കാഞ്ചേരി | 3932 | 600000 |
| പെരിങ്ങണ്ടൂർ | 7129 | 15,00000 |

ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി പ്രകാരം മുതൽ, പലിശയിനത്തിൽ ബ്ലോക്ക് പഞ്ചായത്ത് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം | മുതലിനത്തിൽ അടച്ച തുക | പലിശയിനത്തിൽ അടച്ച തുക |
|---|---|---|---|
| ദേശമംഗലം | 101100010009195 | 15,00000 | 693009 |
| അമ്പലപ്പാട് | 220130 | 450000 | 99937 |
| വരവൂർ | 3603 | 600000 | 189059 |
| എരുമപ്പെട്ടി | 7595 | 525000 | 165189 |
| മുള്ളൂർക്കര | 394 | 600000 | 155280 |
| വടക്കാഞ്ചേരി | 3932 | 600000 | 189600 |
| പെരിങ്ങണ്ടൂർ | 7129 | 20,19,598 | 935898 |
| | | | 24,27,972/- |

ഇപ്രകാരം ആകെ 24,27,972/- രൂപ പലിശയിനത്തിൽ അടവാക്കിയെങ്കിലും മേൽ തുക സർക്കാരിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പ്രസ്തുത വിഷയം സംബന്ധിച്ച എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

2.2013-14 സാമ്പത്തികവർഷം പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണബാങ്കിൽ നിന്നും അനുവദിച്ച വായ്പ്പാ തുക 15,00,000/- രൂപയാണ്. എന്നാൽ മുതലിനത്തിൽ 20,19,598/- രൂപ തിരിച്ചടച്ചതായാണ് ബ്ലോക്ക് പഞ്ചായത്ത് മറുപടി നൽകിയിരിക്കുന്നത്. ഇപ്രകാരം വ്യത്യാസം വരാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

3.പെരിങ്ങണ്ടൂർ, ദേശമംഗലം സർവ്വീസ് സഹകരണബാങ്കുകൾക്ക് 2017-18 സാമ്പത്തികവർഷം വികസന ഫണ്ടിൽ നിന്നും മുതലും പലിശയും ഉൾപ്പെടെ 50,94,402/- രൂപയാണ് അടവാക്കിയിരിക്കുന്നത്. എന്നാൽ മറുപടി ലഭ്യമാക്കിയതിൽ ബാങ്കുകളിലേക്ക് അടവാക്കിയത് 51,48,505/- രൂപയാണ് കാണിച്ചിരിക്കുന്നത്. പലിശയിനത്തിൽ അടവാക്കിയ തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

നിലവിൽ വായ്പ്പാ കുടിശ്ശിക ഇല്ല എന്ന് രേഖപ്പെടുത്തിയാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ കണക്കുകളിലെ ഈ വ്യത്യാസങ്ങൾ പരിശോധനാവിധേയമാക്കി കണക്കുകൾ പൊരുത്തപ്പെടുത്തി അനർഹമായി സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-12 പട്ടികവർഗ്ഗ വീട് പുനരുദ്ധാരണം-രേഖകൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് നം-81/18

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ട്രഷറി ബിൽ നം-42/17.3.18 തുക-88,000/-

2017-18 സാമ്പത്തികവർഷം പട്ടികവർഗ്ഗ വീട് പുനരുദ്ധാരണത്തിനായി ഗ്രാമപഞ്ചായത്തിന് തുക കൈമാറുന്നതിന് തയ്യാറാക്കിയ മേൽ പ്രൊജക്ടിൽ 88,000/- രൂപ തെക്കുംകര ഗ്രാമപഞ്ചായത്ത് അക്കൗണ്ട് നം.79901140000790 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. തുക കൈമാറുന്നതിനു മുമ്പ് ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്ട്, റിക്വിസിഷൻ, എന്നിവ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ മേൽപ്പറഞ്ഞവ ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. ജി.ഒ.(എം.എസ്) 72/17 ത.സ്വ.ഭ.വ തീയതി 29.03.17 ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 13-ാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്ന മാർഗ്ഗരേഖ ഖണ്ഡിക 6.5 പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ഉടനടിയിൽ ഏർപ്പെടേണ്ടതാണ്. പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുമ്പോൾ തന്നെ സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രൊജക്ടിന്റെ വിഭവ സ്രോതസ്സുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

എന്നാൽ തെക്കുംകര ഗ്രാമപഞ്ചായത്തിൽ 2017-18 ൽ പ്രൊജക്ട് നം.245/18 ആയി വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (പട്ടികവർഗ്ഗം) പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിലും ആയതിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ഉൾപ്പെടുത്തുന്നതിനു പകരം മറ്റു ഗ്രാമപഞ്ചായത്തുകൾ എന്ന ഹെഡിലാണ് 88,000/- രൂപ വകയിരുത്തിയിരിക്കുന്നത്. (തെക്കുംകര ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തികവർഷം ഓഡിറ്റ് സമയത്ത് ഹാജരാക്കിയ പ്രൊജക്റ്റിലെ രേഖപ്പെടുത്തൽ പ്രകാരം ). 2017-18 ൽ മേൽ തുക വിനിയോഗിച്ചിട്ടുമില്ല. തെക്കുംകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.12.18 ലെ എ1-4157/18 കത്തു പ്രകാരം 8,750/- രൂപ വിനിയോഗിച്ചതായി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. കൈമാറിയ തുക പൂർണ്ണമായി വിനിയോഗിച്ചതായുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവു തുക 88,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-13 സീനിയർ വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ പദ്ധതി - മൊബൈൽ വെറ്ററിനറി ക്ലിനിക് - അപാകതകൾ

പ്രൊജക്റ്റ് നം. 16/17-18, മൊബൈൽ വെറ്ററിനറി ക്ലിനിക്

ട്രഷറി ബിൽ നം.B2/17-18 – ₹4,20,000 തീ.29.01.2018

B4/17-18 – ₹62,500 തീ.17.03.2018

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് വെറ്റിനറി പോളി ക്ലിനിക്കിന്റെ കീഴിലുള്ള സബ്സെന്ററുകളിൽ കന്നുകാലികൾക്കുള്ള പരിശോധനയും കുത്തിവെപ്പും നടത്തുന്നതിന് ആവശ്യമായ ചെലവുകൾക്ക് വേണ്ടിയാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രൊജക്റ്റ് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) മൊബൈൽ വെറ്ററിനറി ക്ലിനിക് എന്ന ഈ പദ്ധതിയിൽ ഉപകരണങ്ങൾ വാങ്ങിയ വകയിൽ 30,000/- രൂപ New Kumar Diagnostics എന്ന സ്ഥാപനത്തിന് അക്കൗണ്ട് നം. 0085073000001570 (IFSC Code SIBL0000085) ലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല.

2) ക്യാമ്പ് ആവശ്യത്തിനും മറ്റുമായി വാഹനം ഓടിയ വകയിൽ 32,500/- രൂപ മദനൻ.എ.എ എന്നയാൾക്ക് അക്കൗണ്ട് നം. 010803223177190701 (IFSC Code CSBK0000108) ലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ട്രിപ്പ് ഷീറ്റ്, കൈപ്പറ്റ് രശീതി എന്നിവ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/10.12.2018 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. നടപടിക്രമങ്ങൾ പാലിക്കാതെ ചെലവഴിച്ച ₹62,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-14 കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാനവികസനത്തിനുതകുന്ന പ്രൊജക്ടുകൾ ഏറ്റെടുത്തില്ല

2017-18 സാമ്പത്തികവർഷത്തെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 9.6.17 ലെ യോഗത്തിൽ 29.6.17 നു മുമ്പ് സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ് എന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടുകളിൽ പൊതുഭരണം, ധനകാര്യം ഒഴികെ ബാക്കിയുള്ളവ ഒന്നും തന്നെ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അവസ്ഥാവിശകലനം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 12.5.17 ലെ യോഗത്തിൽ ഓഫീസ് സൗകര്യം കുറവാണ് എന്നും, കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവ ആവശ്യമാണെന്നും സി.ഡി.പി.ഒ അറിയിച്ചിട്ടുണ്ട്. കൂടാതെ 12.6.17 ലെ യോഗത്തിൽ കമ്പ്യൂട്ടർ, സ്കാനർ എന്നിവ ആവശ്യമാണെന്ന് എസ്.സി.ഡി.ഒ യും അറിയിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 6.11.17 ലെ യോഗത്തിൽ സി.എച്ച്.സി യിൽ പൊതു ടോയ് ലറ്റിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

എന്നാൽ 2017-18 സാമ്പത്തികവർഷം ഇത്തരത്തിൽ അടിസ്ഥാനവികസനത്തിനുതകുന്ന പ്രൊജക്ടുകൾ ഏറ്റെടുത്തതായി കാണുന്നില്ല.

കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-15 വർക്കിംഗ് ഗ്രൂപ്പുകൾ -പ്രവർത്തനം തൃപ്തികരമല്ല

ജി.ഒ.(എം.എസ്) 10/2017/ത.സ്വ.ഭ.വ/9-1-2017 സർക്കാർ ഉത്തരവ് പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പിൽ 10 മുതൽ 15 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം. ബ്ലോക്ക്പഞ്ചായത്തിൽ നിലവിലുള്ള 12 വർക്കിംഗ് ഗ്രൂപ്പുകളിലും 12 മുതൽ 15 അംഗങ്ങൾ വീതമുണ്ട്. 15 അംഗങ്ങളും പങ്കെടുത്ത ഒരൊറ്റ വർക്കിംഗ് ഗ്രൂപ്പ് യോഗം പോലും 2017-18 വർഷത്തിൽ നടക്കുകയുണ്ടായിട്ടില്ല. ഓരോ യോഗത്തിലും വിരലിലെണ്ണാവുന്നവർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. പദ്ധതി നിർദ്ദേശങ്ങൾ പല വർക്കിംഗ് ഗ്രൂപ്പിലും ചർച്ച ചെയ്തതായോ, തീരുമാനങ്ങൾ രേഖപ്പെടുത്തിയതായോ കാണുന്നില്ല. ഒരു വർക്കിംഗ് ഗ്രൂപ്പിൽ പോലും വിഷയ വിദഗ്ധനെ ഉപാദ്ധ്യക്ഷനാക്കിയിട്ടില്ല. പല വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിലും കൺവീനർ, ചെയർമാൻ എന്നിവർ ഒപ്പിട്ട് മിനിറ്റ്സ് ക്ളോസ് ചെയ്തിട്ടില്ല. പദ്ധതികളുടെ മോണിറ്ററിംഗ് ഇതേ വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് നടത്തേണ്ടത് എന്നിരിക്കെ മിനിറ്റ്സിൽ ഒന്നിലും പദ്ധതി നിർവ്വഹണമോ ഫലപ്രാപ്തിയോ വിലയിരുത്തിയിട്ടില്ല.. പഞ്ചായത്തിലെ പല പദ്ധതികളും മോണിറ്ററിംഗ് നടത്തിയതായി രേഖയില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം വഹിക്കേണ്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 3-16 കൊരട്ടിയാൻകുന്ന് കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം --അപാകതകൾ

പ്രോജക്റ്റ് നമ്പർ - s0030/2018

പ്രോജക്റ്റിന്റെ പേര് - കൊരട്ടിയാൻകുന്ന് കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം

അടങ്കൽ – 9,00,000/-രൂപ

ചെലവുതുക – 9,00,000/-രൂപ

ചെലവുവിവരം ട്രഷറി ബിൽനമ്പർ – 3/17-18 dtd 28.9.17

നിർവ്വഹണ ഏജൻസി – ഭൂജലവിഭവ വകുപ്പ്

എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഓഫീസറായി നടപ്പിലാക്കിയ മേൽ പദ്ധതി, പട്ടികജാതി കുടുംബങ്ങൾക്ക് വ്യക്തിഗത കണക്ഷൻ കൊടുക്കുന്നതിനും ജനറൽ വിഭാഗത്തിൽ പെട്ട കുടുംബങ്ങൾക്ക് പൊതുടാപ്പ് നൽകുന്നതിനും ഉദ്ദേശിച്ചുള്ളതാണ്. ഇതിനായി ഭൂജലവിഭവവകുപ്പിൽ 9,00,000/- രൂപ നിക്ഷേപിച്ചു. സാങ്കേതിക അനുമതി ലഭിച്ച തുകയേക്കാൾ കൂടുതൽ തുകയാണ് അടങ്കലായി കാണിച്ചിരിക്കുന്നത്.

പ്രവൃത്തിയുടെ ഫൈനൽ ബിൽ ഭൂജലവിഭവ വകുപ്പ് ജില്ലാ ഓഫീസറുടെ 24.11.2018ലെ ബി.1944/18 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇത് പ്രകാരം ആകെ ബിൽ തുക 13,21,066/- രൂപയാണ്. ബാക്കി കൊടുക്കുവാനുള്ള തുകയായ 4,21,066/- രൂപ ജില്ലാ ഓഫീസർ ആവശ്യപ്പെട്ടിട്ടുമുണ്ട്. മേൽ പ്രവൃത്തിയുടെ ഫയലിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1)പ്രവൃത്തിക്കു സാങ്കേതികാനുമതി ലഭ്യമാക്കിയിരിക്കുന്നത് 7,40,000/-രൂപയ്ക്കാണ്. (vide order number T(3)37/2018 dtd16.2.18.of Superintending Engineer Ground Water Department). നിർവ്വഹണ വേളയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനേക്കാൾ കൂടുതൽ നീളം പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടി വന്നതിനാലാണ് ബിൽ തുക കൂടാൻ കാരണം എന്നാണ് ഓഡിറ്റ് എൻക്വയറി 6/7.12.18നുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ കൂടുതൽ അളവു പ്രവൃത്തി ചെയ്തതിനു റിവൈസ്ഡ് എസ്റ്റിമേറ്റ് ഭൂജലവിഭവ വകുപ്പ് ലഭ്യമാക്കിയിട്ടില്ല. മാത്രവുമല്ല സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനു മുന്നേ തുക കൈമാറിയിട്ടുണ്ട്. ഇത് ശരിയല്ല.

2)ഭൂജലവിഭവ വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മുദ്രപത്രം വാങ്ങി സൂക്ഷിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.

3)സ.ഉ.(എം.എസ്)നമ്പർ 80/2017/ത.സ്വ.ഭ.വ, തീയതി 3.4.2017, പഞ്ചായത്തീരാജ്/നഗരപാലികസ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖ ഖണ്ഡിക 15ലെ താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

a)കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷം പ്രോജക്റ്റിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പിനെ ഏൽപ്പിക്കേണ്ടതാണ്. ഇത്തരത്തിലൊരു ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിച്ചിട്ടില്ല.

b)ഗ്രാമ പഞ്ചായത്തുകളുടെ രേഖാമൂലമുള്ള നിർദ്ദേശത്തോടെയാണ് ബ്ലോക്ക് പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള നിർദ്ദേശം ലഭ്യമാക്കിയിട്ടില്ല

4)പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

5)കൂടാതെ ടി പദ്ധതിയുടെ സ്ഥല പരിശോധന നടത്തിയപ്പോൾ കണ്ട അപാകത താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പണി പൂർത്തിയായിട്ടുണ്ടെങ്കിലും പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല. പദ്ധതിക്കു വേണ്ടി നിക്ഷേപിച്ചിട്ടുള്ള പിവിസി പൈപ്പ് വേണ്ടത്ര ആഴത്തിൽ ചാലുകീറി നിക്ഷേപിക്കാത്തതിനാൽ പൈപ്പെല്ലാം മണ്ണിനുമുകളിലാണ് കിടക്കുന്നത്. അതുകൊണ്ടുതന്നെ റോഡിലൂടെ വാഹനങ്ങൾ പോകുമ്പോൾ പൈപ്പിനുമുകളിലൂടെ കയറിയിറങ്ങി പല തവണ പൈപ്പുകൾ പൊട്ടിയെന്ന് പരിസരവാസികൾ പരാതി പറയുകയുണ്ടായി. ഈ അപാകതകൾ പരിഹരിച്ചുതരുവാൻ ഭൂജലവിഭവ വകുപ്പിനോട് ആവശ്യപ്പെടേണ്ടതാണ്. മേൽ അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവഴിച്ച 9,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 3-17 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല. സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് തുടർപ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥയായി 2017-18വർഷത്തിൽ കുടിവെള്ളപദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് (ഡെപ്പോസിറ്റ് വർക്ക്)എട്ട് പ്രോജക്റ്റുകൾക്കായി തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ ഒരു പ്രോജക്റ്റ് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | ട്രഷറി ബിൽനമ്പർ | പൂർത്തീകരണ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 22/18 | പള്ളംകുന്നംപുറം മാടക്കാട്ട് കുടിവെള്ള പദ്ധതി | 1000000 | 6/17-18dtd28.9.17 | പൂർത്തീകരിച്ചിട്ടില്ല | 5.12.18ലെ DGT/650/16((A) |
| 2 | 23/18 | അയ്യപ്പൻകാട് കുടിവെള്ളപദ്ധതി | 500000 | 2/17-18dtd28.9.17 | do | do |
| 3 | 24/18 | മുട്ടിക്കൽകോളനി കുടിവെള്ളപദ്ധതി | 500000 | 4/17-18dtd 28.9.17 | do | do |
| 4 | 28/18 | ചിറ്റണ്ട കുടിവെള്ളപദ്ധതി(KWA) | 500000 | 8/17-18dtd20.1.2018 | do | do |
| 5 | 30/18 | കൊരട്ടിയാൻകുന്ന് കുടിവെള്ളപദ്ധതി | 900000 | 3/17-18dtd28.9.17 | പൂർത്തീകരിച്ചു. (2018-19) | do |
| 6 | 33/18 | കൃഷ്ണൻപടികുടിവെള്ളപദ്ധതി | 500000 | 1/17-18dtd28.9.17 | പൂർത്തീകരിച്ചില്ല | do |
| 7 | 35/18 | പാലംകുന്ന്കോളനി കാഞ്ഞിരംകുഴി കുടിവെള്ളപദ്ധതി | 1000000 | 6/17-18 dtd 28.9.17 | do | do |
| 8 | 37/18 | താന്ന്യംകാട് കുടിവെള്ളപദ്ധതി | 500000 | 5/17-18 dtd28.09.17 | do | do |

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരണസാക്ഷ്യപത്രം, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. അതുവരേയ്ക്ക് ചെലവഴിച്ച (ഡെപ്പോസിറ്റ് ചെയ്ത) തുകയായ 45,00,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 7/7.12.18)

## 3-18 കരിയന്നൂർപാടശേഖരം ലിഫ്റ്റ് ഇറിഗേഷൻ --ബില്ലിൽ നിന്നും ഗുണഭോക്തൃവിഹിതം കുറവുചെയ്തിട്ടില്ല.

പ്രോജക്റ്റ നമ്പർ s0065/18
നിർവഹണോദ്യോഗസ്ഥ- അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ തുക - 5,55,556/- (വികസനഫണ്ട് പൊതു വിഭാഗം 5,00,000/-, ഗുണഭോക്തൃവിഹിതം 55,556/-, ആകെ 5,55,556/-)

കരാർ നമ്പരും തീയ്യതിയും – 10/AAE/LSGD/WKY/dtd 14.2.18

കരാറുകാരൻ – പി.കെ.സുധീഷ്

അളവുപുസ്തകം – 10/17-18

പ്രവൃത്തിമൂല്യം – 4,34,043 /-രൂപ
ചെലവ് തുക 4,29,703- ട്രഷറി ബിൽ നമ്പർ 23/31.03.2018
അടവാക്കേണ്ട തുക ഗുണഭോക്തൃ വിഹിതം- 43404 (വികസന ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടിയിരുന്നത്-3,90,639/-)

കരിയന്നൂർ പാടശേഖരത്തിൽ നിലവിലുള്ള ഇറിഗേഷൻ കനാൽ റിപ്പെയർ ചെയ്യുന്നതിനും പിവിസി പൈപ്പ് ഇടുന്നതിനും ഉദ്ദേശിച്ചുള്ള പ്രോജക്റ്റാണിത്. പ്രോജക്റ്റിൽ 10%ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തുകയും ആയത് 29.01.2018ലെ രശീതി നമ്പർ C4067513പ്രകാരം 55,556/-രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിട്ടില്ല. സ.ഉ(എം.എസ്)നമ്പർ 80/2017/ത.സ്വ.ഭ.വ, തിയതി 3.4.2017 ഖണ്ഡിക 17.2 പ്രകാരം ഗുണഭോക്തൃ വിഹിതം മുൻകൂറായി ഈടാക്കി തദ്ദേശഭരണ സ്ഥാപനത്തിന്റെ തനതുഫണ്ടിലേക്ക് അടച്ചതിനുശേഷം മറ്റൊരു നിർദ്ദേശം ഇല്ലാത്തപക്ഷം കരാറുകാരന് /നിർവ്വഹണ ഏജൻസിക്ക് ഉചിതമായ സമയത്ത് കൈമാറേണ്ടതാണ്. ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. ആയതിനാൽ ഗുണഭോക്തൃ വിഹിതം 43,404/- ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് വികസന ഫണ്ടിൽ അടവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 15/10.12.2018).

# <u>ഭാഗം -4</u>
# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (മുന്നിരിപ്പുസഹിതം) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് (ബാങ്ക് പലിശ സഹിതം) |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 33,60,000 | പി.എം.എ.വൈ.ഭവനം | 3,08,000 | 28,000 |
| എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് | 2017-18 | 1,40,000 | പി.എം.എ.വൈ.ഭവനം | 0 | 1,40,000 |
| മുള്ളൂർക്കര ഗ്രാമ പഞ്ചായത്ത് | 2017-18 | 8,82,934 | പി.എം.എ.വൈ./ ലൈഫ് ഭവനം | 0 | 8,82,934 |
| ദേശമംഗലം ഗ്രാമ പഞ്ചായത്ത് | 2017-18 | 60,000 | പി.എം.എ.വൈ.ഭവനം | 0 | 60,000 |
| തെക്കുംകര ഗ്രാമ പഞ്ചായത്ത് | 2017-18 | 20,000 | പി.എം.എ.വൈ.ഭവനം | 0 | 20,000 |

(വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ മുൻവർഷങ്ങളിൽ വിഹിതമായി ലഭിച്ച തുകകൾ കൂടി ഉൾപ്പെടുന്നുണ്ട്.)

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭ ജല വകുപ്പ് | കുന്നംപുറം മടക്കാട്ട് DWSS | 1)ബിൽ നം.- 6/17-18 28.09.17 | 10,00,000 | 10,00,000 | 0 |
| | അയ്യപ്പൻകാട് DWSS | ബിൽ നം.- 2/17-18 28.09.17 | 5,00,000 | 5,00,000 | 0 |
| | മുട്ടിക്കൽ കോളനി DWSS | ബിൽ നം.- 4/17-18 28.09.17 | 5,00,000 | 5,00,000 | 0 |
| | കൊരട്ടിയാം കുന്ന് DWSS | | 9,00,000 | 9,00,000 | 0 |
| | കൃഷ്ണൻപടി DWSS | ബിൽ നം.- 1/17-18 28.09.17 | 5,00,000 | 5,00,000 | 0 |
| | പാലംകുന്ന് കോളനി കാഞ്ഞിരംകുഴി DWSS | ബിൽ നം.- 6/17-18 28.09.17 | 10,00,000 | 10,00,000 | 0 |
| | താന്യംകാട് DWSS | ബിൽ നം.- 5/17-18 28.09.17 | 5,00,000 | 5,00,000 | 0 |
| KWA | ചിറ്റണ്ട DWSS | 1)ബിൽ നം.8/17-18 20.01.18 | 5,00,000 | 5,00,000 | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ എ വൈ ഭവനം | ലഭ്യമല്ല | 35,19,598 | 35,19,598 | 35,19,598 | 15,74,804 | -- |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82055694 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81734250 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,822,500 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 572000 | ശ്രീമതി.കൈരളി.എൻ, കൃഷി അസി.ഡയറക്ടർ ഇൻ ചാർജ് |
| 3-3 | 2250000 | ഡോ.ജോ കുര്യാക്കോസ്, സീനിയർ വെറ്ററിനറി സർജൻ |
| 3-4 | 3450000 | ശ്രീ.ഷൈൻ.പി.എച്ച്.ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-12 | 88000 | ശ്രീ.ഷൈൻ.പി.എച്ച്.ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-13 | 62500 | ഡോ.ജോ കുര്യാക്കോസ്, സീനിയർ വെറ്ററിനറി സർജൻ |
| 3-16 | 900000 | ശ്രീ.സനൂപ്.എം.ജി,അസി.എഞ്ചിനീയർ |
| 3-17 | 4000000<br>500000 | ശ്രീ.സനൂപ്.എം.ജി,അസി.എഞ്ചിനീയർ<br>ശ്രീമതി. അഞ്ജു കൃഷ്ണൻ. |

| | | |
|---|---|---|
| | | അസി.എഞ്ചിനീയർ |
| ആകെ | 1,18,22,500 | |

**(സി)** **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**(ഡി)** **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

3-1, 3-3

**(ഇ)** **<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ഇല്ല.

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ടി.20 – 567/ 2000/21.08.2000 |
| 1998-99 | എൽ.എഫ്.ടി.20- 63/01/03.08.2001 |
| 1999-2000 | എൽ.എഫ്.ടി.21 – 2591/07/31.03.09 |
| 2000-01 | എൽ.എഫ്.ടി.21 – 2590/07/31.03.2009 |
| 2001-02 | എൽ.എഫ്.ടി.21-2589/07/31.03.2009 |
| 2002-03 | എൽ.എഫ്.ടി.21- 2565/07/31.03.2009 |
| 2003-04 | എൽ.എഫ്.ടി.21- 2566/07/31.03.2009 |
| 2004-05 | എൽ.എഫ്.ടി.21- 1071/09/11.05.2010 |
| 2005-06 | എൽ.എഫ്.ടി.21 – 1072/09/11.05.2010 |
| 2006-07 | എൽ.എഫ്.ടി.21- 1073/09/11.05.2010 |
| 2007-08 | എൽ.എഫ്.ടി (ബി.പി)1914/11/21-1-12/3-8-12 |
| 2008-09 | എൽ.എഫ്.ടി.(ബി.പി)1915/11/21-1-12/3-8-12 |
| 2009-10 | എൽ.എഫ്.ടി (ബി.പി) 1916/11/21.01.2012/ 03.08.2012 |
| 2010-11 | എൽ.എഫ്.ടി (ബി.പി) 1974/12/05.02.2013 / 08.04.2013 |
| 2011-12 | എൽ.എഫ്.ടി (ബി.പി)1829/13/ 05.02.2014 / 14.03.2014 |
| 2012-13 | എൽ.എഫ്.ടി (ബി.പി) 1505/14/05.01.2015 / 10.02.2015 |
| 2013-14 | കെ.എസ്.എ.ടി.എസ്. ആർ (ബി.പി) 389/15 13.07.2015/ 30.09.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്. ആർ (ബി.പി)1696/16/19.5.16/23.8.16 |
| 2015-16 | കെ.എസ്.എ.ടി.എസ്. ആർ (ബി.പി)319/2017 15-03-2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (ബിപി1)1751/2017 തീ. 08.12.2017 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വടക്കാഞ്ചേരി ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| സംക്ഷിപ്തം(AuditedAbstract) | |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്